ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ പറയുന്നത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. എനിക്കതൊന്നു വ്യക്തമായി പറയണ്ടേ? എന്താ ചെയ്തതെന്ന് പറഞ്ഞെന്നു മാത്രമേയുള്ളൂ.

മി. സ്പീക്കർ : അങ്ങയുടെ കാര്യമല്ല. രണ്ട് കാളിംഗ് അറ്റൻഷനും കൂടി ഒരു മണിക്കൂർ സമയം എടുത്തു. അക്കാര്യം പറഞ്ഞു എന്നേയുള്ളൂ.

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ അവസാനിപ്പിച്ചു.

V. റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. കെ. പ്രകാശ് ബാബു : സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

സെലക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ[†] പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, 1969-ൽ കേരള നിയമസഭ പാസ്സാക്കിയ ഒരു നിയമത്തെ അടിസ്ഥാനമാക്കിക്കൊണ്ടാണ് കേരളത്തിലെ സഹകരണ മേഖല പ്രവർത്തിച്ചുവരുന്നത്. 1969-ൽ പാസ്സാക്കിയ നിയമത്തിൽ ശാസ്ത്രീയവും കാലോചിതവുമായ പരിഷ്ക്കാരങ്ങളും മാറ്റങ്ങളും ആവശ്യമാണെന്ന അഭിപ്രായം രാഷ്ട്രീയഭേദമെന്യേ കേരളത്തിലെ സഹകാരികൾ കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി രേഖപ്പെടുത്തി വരികയായിരുന്നു. ഈ ആവശ്യം ഏറ്റവും ശരിയും, യുക്തിഭദ്രവുമാണെന്ന് കണ്ട് കഴിഞ്ഞ രണ്ട് വർഷത്തിനു മുമ്പ്തന്നെ അന്ന് ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. പിണറായി വിജയൻ മുൻകൈയെടുത്ത് പ്രൈമറി സംഘങ്ങളെക്കുറിച്ചും, ജില്ലാ ബാങ്കുകളെക്കുറിച്ചും അതുപോലെ ഹോസ്പിറ്റൽ സംഘങ്ങളെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മിറ്റികളെ നിയോഗിച്ചു. അത്തരത്തിൽ നിയോഗിക്കപ്പെട്ടിരുന്ന കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടുകളും വി.രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ടും ഗവൺമെന്റ് പരിശോധനയ്ക്ക് വിധേയമാക്കി. തുടർന്ന് കേരളത്തിലെ സഹകാരികളുടെ ഒരു വർക്ക്ഷോപ്പ് നിയമനിർമ്മാണത്തിനുവേണ്ടി സംഘടിപ്പിക്കുകയുണ്ടായി. ആ വർക്ക്ഷോപ്പിൽ നിലവിലുള്ള നിയമം ചർച്ചയ്ക്കെടുത്തു. അവിടെ ഉയർന്നു വന്ന ക്രിയാത്മകമായ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും പരിഗണിച്ചായിരുന്നു 1999 ഫെബ്രുവരി 26-ന് നിയമസഭയിൽ ബിൽ അവതരിപ്പിച്ചത്. പൊതുജനാഭി

[†] അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

പ്രായം ആരായുന്നതിന് ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണം എന്ന നിർദ്ദേശം ഭരണപക്ഷത്തുനിന്നും, പ്രതിപക്ഷത്തു നിന്നും ഉയർന്നുവരികയുണ്ടായി. അതുപ്രകാരം എട്ടു മാസത്തിനുള്ളിൽ കമ്മിറ്റി 16 സിറ്റിംഗുകൾ നടത്തുകയുണ്ടായി. കേരളത്തിലെ മിക്കവാറും ജില്ലകളിലും കേരളത്തിനു പുറത്തും കമ്മിറ്റി ഇതുസംബന്ധിച്ച് തെളിവെടുപ്പ് നടത്തി. ഈ തെളിവെടുപ്പു യോഗങ്ങളുടെ പശ്ചാത്തലത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടുള്ള ഭേദഗതികളാണ് ഇവിടെ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഇന്നും നാളെയും ഇതിനെ സംബന്ധിച്ചുള്ള വിശദമായ ചർച്ചകൾ നടക്കാനിരിക്കുന്നതേയുള്ളൂ. തുടർന്ന് ക്ലാസ് ബൈ ക്ലാസ് ചർച്ചയിലൂടെ അഭിപ്രായ രൂപീകരണം ഉണ്ടാകാൻ പോകുന്നതേയുള്ളൂ. കേളത്തിലെ സഹകരണമേഖല പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതിലൂടെ, ജനജീവിതത്തിലെ നിർണ്ണായകമായ ഒരു തലമാണ് ഇന്ന് സഹകരണമേഖല എന്നതുകൊണ്ട് കൂടുതൽ ചലനാത്മകവും, മാറ്റത്തിനു വിധേയമാകുന്നതും, പുരോഗതി കൈവരിക്കാൻ പര്യാപ്തമാകുന്നതുമായ ലക്ഷ്യമാണ് ഈ നിയമ ഭേദഗതിയിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ചലനാത്മകവും മാറ്റത്തിന് വിധേയമായിട്ടുള്ളതും, പുരോഗതികൈവരിക്കാൻ സഹായകരമായിട്ടുള്ളതുമായ വിധത്തിൽ ലക്ഷ്യം വച്ചുകൊണ്ട് നീങ്ങുമ്പോൾ നിലവിലുള്ള നിയമത്തിൽ 25 ഭേദഗതികളും പുതുതായി 3 നിർദ്ദേശങ്ങളുമടക്കം 28 ഭേദഗതികളാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. നിയമ സഭയ്ക്കകത്തും പുറത്തും എപ്പോഴും നാം ചർച്ച ചെയ്യുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഗവൺമെന്റ് അധികാരം ഉപയോഗിച്ച് സഹകരണ മേഖലയെ വെട്ടിപ്പിടിക്കുവാൻ ശ്രമിച്ചു വരുന്നു എന്നുള്ളത്. അതിൽ പ്രധാനമായുള്ളത്, അധികാരം ഉപയോഗിച്ച് അധികാരത്തിലേയ്ക്ക് വരുന്നതിന് സഹകരണ മേഖല വെട്ടിപ്പിടിക്കുന്നതിന്റെ മാർഗ്ഗമായി തെരഞ്ഞെടുപ്പിനെ ഉപയോഗപ്പെടുത്തി വരുന്നു എന്നുള്ളതാണ്. മസിൽ പവർ കൊണ്ടും, പണം കൊണ്ടും, അധികാരം കൊണ്ടും സഹകരണ മേഖലയെ വെട്ടിപ്പിടിക്കുക എന്ന പ്രവണത ശക്തിപ്പെട്ടു വരുന്ന പ്രത്യേക സാഹചര്യം സജീവമായി ചർച്ച ഒചയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഒരു ദശകത്തിലേറെയായി വിശേഷിച്ച് ചർച്ചചെയ്തുവരുന്ന ഒരു പ്രശ്നമാണിത്. ഈ ഗവൺമെന്റ് ഈ നിയമ ഭേദഗതിയിലൂടെ അടിസ്ഥാനപരമായി ലക്ഷ്യം വയ്ക്കുന്ന ഒരു സ്വതന്ത്ര സഹകരണ ഇലക്ഷൻ കമ്മീഷൻ, ഈ ബിൽ നിയമമാകുന്നതിലൂടെ സ്ഥാപിക്കപ്പെടുവാൻ പോവുകയാണ്. പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്ന ഘട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്ര ഇലക്ഷൻ കമ്മീഷൻ നിർദ്ദേശിക്കപ്പെട്ടതുപോലെ ഈ ബിൽ നിയമം ആകുന്നതോടുകൂടി അധികാരം ഉപയോഗിച്ച് അധികാരം വെട്ടിപ്പിടിക്കുക എന്ന പ്രവണതയ്ക്ക് അന്ത്യം കുറിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിട്ടുള്ളതുപോലെ തന്നെ ഒരു സ്വതന്ത്ര സഹകരണ ഇലക്ഷൻ കമ്മിഷൻ സ്ഥാപിക്കുന്നതിനെപ്പറ്റി തെളിവെടുപ്പ് വേളയിലും ചർച്ചാ വേളയിലും നിരവധി ഉൽക്കണ്ഠകളും, അഭിപ്രായങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അതെല്ലാം ദൂരീകരിച്ചുകൊണ്ട് ഇലക്ഷൻ കമ്മീഷന്റെ പരമാധികാര പദവിയോടുകൂടി ഒരു ഗവൺമെന്റ് സെക്രട്ടറിയെ നിർദ്ദേശിച്ചുകൊണ്ടും അഞ്ച് വർഷക്കാലത്തേക്ക് കാലാവധി വ്യവസ്ഥ ചെയ്തുകൊണ്ടും പ്രത്യേകമായി ഒരു ഇലക്ഷൻ കമ്മീഷൻ നിഷ്ക്കർഷിക്കപ്പെടുകയാണ്. അധികാരത്തിൽ ഇരിക്കുന്നവർക്ക് ഒഴിഞ്ഞുപോകാതിരിക്കുന്നതിനു വേണ്ടി രണ്ടുതരം പ്രവണതകൾ ഇന്ന് ഈ മേഖലയെ ഗ്രസിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിൽ ഒരു പ്രവണത, ആരെങ്കിലും അംഗത്വത്തിന് അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ ഒരിക്കലും അംഗത്വം കൊടുക്കുകയില്ല എന്നുള്ളതാ

LIBRARY ARCHIVES Kerala Legislative Assembly

ണ്. കൂടുതൽ അംഗങ്ങളെ സഹകരണ പ്രസ്ഥാനത്തിലേയ്ക്ക് സ്വീകരിക്കപ്പെട്ടാൽ, തങ്ങളുടെ സ്ഥാനം നഷ്ടപ്പെട്ടുപോകുമോ എന്ന ഭയത്താലോ ഉൽക്കണ്ഠയാലോ സ്ഥാനം നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി അംഗത്വം നിഷേധിക്കപ്പെടുന്ന അനാരോഗ്യകരമായ പ്രവണത ഇന്നും തുടരുകയാണ്. ഈ ബിൽ നിയമമാകുന്നതോടുകൂടി കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിൽ അംഗത്വം എടുക്കാൻ ആരെങ്കിലും ആഗ്രഹിച്ചാൽ അവർക്ക് അംഗങ്ങളായി ചേരുന്നതിനുള്ള വാതിൽ വിശാലമായി തുറന്നുകൊടുക്കുന്നതാണ്. കേരളത്തിലെ മുഴുവൻ ആളുകളേയും സഹകരണ മേഖലയിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് മുഴുവൻ ആളുകൾക്കും അംഗത്വം ലഭിക്കാൻ കഴിയത്തക്ക വിധത്തിലുള്ള വ്യവസ്ഥ ഈ നിയമത്തിൽ നിഷ്ക്കർഷിക്കപ്പെടുകയാണ്. അതേസമയം അംഗത്വം എടുത്തുകഴിഞ്ഞാൽ ഇത് ചലനാത്മകമായിരിക്കണം. അളവിൽ ഉണ്ടാകുന്ന ഏതൊരു വർദ്ധനവും, സാമൂഹ്യ നിയമപ്രകാരം ഗുണപരമായ മാറ്റത്തിന് വിധേയമായിരിക്കണം എന്ന സാമൂഹ്യദർശനം സഹകരണ മേഖലയ്ക്ക് ബാധകമാക്കേണ്ടതായിട്ടുണ്ട്. അംഗത്വം എടുക്കുന്നതിലൂടെ ഒരു വലിയ തള്ളിക്കയറ്റം, ഒരു സോഷ്യലിസ്റ്റ് മത്സരം സ്വാഭാവികമായും ഉണ്ടാകും. ഒരു പരിണാമം എന്നുള്ള നിലയിൽ അംഗത്വം എടുക്കാനുള്ള അവകാശം ഏതൊരു സഹകാരിക്കും ഈ വ്യവസ്ഥയിലൂടെ നൽകപ്പെടുന്നതു വഴി ഏറ്റവും വിശാലവും വിപുലവും ജനാധിപത്യപരവും ഉദാത്തവുമായ ജനകീയവൽക്കരണവും കേരളത്തിലെ സഹകരണ മേഖലയ്ക്ക് കൈവരും. അംഗങ്ങളായി വരുന്നവരെ സ്വാഗതം ചെയ്യുന്നതുവഴി പുതിയ മാനം കൈവരിക്കുകയാണ്. ആ പുതിയ മാനം കൈവരിക്കുമ്പോൾ വോട്ടവകാശത്തിനുവേണ്ടി മാത്രമായി അംഗത്വത്തെ പരിമിതപ്പെടുത്തുവാൻ പാടില്ല. അത് ചലനാത്മകമായിരിക്കണം; മാറ്റത്തിന് വിധേയമായിരിക്കണം; സജീവമായിരിക്കണം. അംഗത്വത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ വർദ്ധനവ് വിശാലമായ അർത്ഥത്തിൽ ഗുണപരമായി മാറുകയും വേണം. അതുകൊണ്ട് അഞ്ച് വർഷക്കാലത്തേയ്ക്ക് നിശ്ചയിക്കപ്പെടുന്നു എന്നുള്ളത് ബില്ലിൽ വ്യവസ്ഥ ചെയ്യുമ്പോൾ, ഈ അഞ്ച് വർഷക്കാലത്തിനുള്ളിൽ സഹകരണനിയമം അനുശാസിക്കുന്ന വിധത്തിൽ, സഹകരണതത്വം വിവക്ഷിക്കുന്ന വിധത്തിൽ അംഗത്വം എടുക്കുന്ന സഹകാരി ഏതെങ്കിലും ഒന്നിൽ-ജനറൽ ബോഡിയിലോ അതിന്റെ മറ്റ് വിഭാഗങ്ങളിലോ, നിക്ഷേപത്തിലോ വായ്പയിലോ ഏതെങ്കിലും ഒന്നിൽ-വ്യവസ്ഥ ചെയ്യുന്ന പ്രകാരം പങ്കാളിയായി തീരുകയെന്നുള്ളത് അടിസ്ഥാനപരമായി ഈ നിയമത്തിനൊരു ചലനാത്മക ഉറപ്പാക്കുന്നതിനും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഭാവി വികാസപരിണാമത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സഹായകമാകും. അളവിൽ ഉണ്ടാകുന്ന വർദ്ധനവ് ഗുണകരമായി മാറുന്നതിന് സഹായിക്കുന്ന വിധത്തിൽ സജീവ അംഗത്വം എന്ന നിലയിലേയ്ക്ക് ഈ നിയമം വ്യവസ്ഥ ചെയ്യുകയാണ്. ഈ ബിൽ നിയമം ആകുന്നതുവഴി സജീവ അംഗത്വം എന്ന സങ്കൽപ്പത്തിൽക്കൂടി രണ്ട് തരത്തിലുള്ള പ്രവണതയെ സഹകരണ മേഖല നിരാകരിക്കുകയാണ്. ഒന്ന്, അധികാരം നഷ്ടപ്പെടുമെന്ന ഭയത്തിൽ അംഗത്വം നിഷേധിക്കപ്പെടുന്ന പ്രവണത നിരാകരിക്കപ്പെടുന്നു. രണ്ട്, അധികാരം നിലനിർത്താൻവേണ്ടി എങ്ങനേയും അംഗങ്ങളെ ചേർത്തുകൊണ്ട്, അധികാരം നിലനിർത്തുകയെന്നുള്ള അനാരോഗ്യമായ പ്രവണത നിരാകരിക്കപ്പെടുന്നു. ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസിന്റെ (ICA-യുടെ) കൺസപ്റ്റ് അനുസരിച്ച് സഹകരണ മേഖല വിശാലവും വിപുലവുമായിരിക്കണം; അതേ അവസരത്തിൽ ചലനാത്മകവുമായിരിക്കണം. ഈ കാഴ്ചപ്പാട് ഇതിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

നിഷ്കർഷിക്കപ്പെടുകയാണ്. ഇത് നിയമമാകുന്നതുവഴി ഗുണകരമായ മാറ്റം സഹകരണമേഖലയിൽ ഉണ്ടാകുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. ഇതിൽ അടക്കം ചെയ്തിട്ടുള്ള മറ്റൊരു പ്രധാന കാര്യം സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പരാതിരഹിതവും സുതാര്യവുമായിരിക്കണം എന്നുള്ളതാണ്. കൊമേഴ്സ്യൽ ബാങ്കുകളോട് മത്സരിക്കാനുള്ള കരുത്ത് കേരളത്തിലെ കോ-ഓപ്പറേറ്റീവ് സെക്ടർ ഇനിയും ആർജിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ കരുത്ത് ആർജിക്കാൻ കഴിയണമെന്നുണ്ടെങ്കിൽ എഫിഷ്യൻസി വികസിപ്പിച്ചെടുക്കണം. അതിനുള്ള കാഴ്ചപ്പാട് വച്ചുകൊണ്ടായിരുന്നു കരട് ബില്ലിൽ റിക്രൂട്ടിംഗ് ബോഡിക്ക് നിർദ്ദേശിക്കപ്പെട്ടിരുന്നത്. പക്ഷെ തെളിവെടുപ്പ് വേളയിലും സെലക്ട് കമ്മിറ്റിയുടെ ചർച്ച ഫൈനലൈസ് ചെയ്ത ഘട്ടത്തിലും ഉയർന്നുവന്നത് പ്രൈമറി സംഘങ്ങളുടെ ജനാധിപത്യപരമായിട്ടുള്ള അവകാശങ്ങൾക്കുനേരെയുള്ള കടന്നാക്രമണമായി റിക്രൂട്ടിംഗ് ബോഡിയെ ദുർവിനിയോഗം ചെയ്യുവാനുള്ള സാധ്യതയുണ്ട് എന്നാണ്. അതുകൊണ്ട് അത്തരമൊരു അവസ്ഥയിലേയ്ക്ക് പോകാതെ, അവരുടെ ജനാധിപത്യപരമായിട്ടുള്ള അവകാശത്തിൽ സർക്കാർ ഇടപെടുവാനുള്ള അവസരം ഒഴിവാക്കിക്കൊണ്ട് എഫിഷ്യൻസി എപ്രകാരം വികസിപ്പിച്ചെടുക്കാമെന്ന നിലയിലേയ്ക്ക് ചർച്ച നടത്തിയപ്പോൾ രാഷ്ട്രീയ ഭേദമെന്യേ, സഹകരണ രംഗത്ത് ചിലപ്പോൾ വിവാദങ്ങൾ ഏറ്റവും തീഷ്ണമായി ശക്തിപ്പെട്ട് പത്രത്താളുകളിൽ സ്ഥാനം പിടിക്കുന്ന ചില പ്രദേശങ്ങളിലുള്ളവർ അടക്കം പങ്കെടുത്ത് യുനാനിമസായിട്ടുള്ള നിർദ്ദേശമാണ് സെലക്ട് കമ്മിറ്റിയുടെ മുമ്പിൽ കൊണ്ടുവന്നത്. അതിന്റെ അടിസ്ഥാനത്തിൽ റിക്രൂട്ടിംഗ് ബോർഡ് എന്നുള്ളത് എക്സാമിനേഷൻ ബോർഡായി മാറ്റുകയാണ് ഉണ്ടായത്. അതാത് പ്രൈമറി സംഘം അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷ എക്സാമിനേഷൻ ബോർഡിനെ ഏൽപ്പിക്കുക. എഞ്ചിനീയറിംഗ്/മെഡിക്കൽ എൻട്രൻസിനുവേണ്ടി സംസ്ഥാനത്ത് എല്ലാ ജില്ലാകേന്ദ്രങ്ങളിലും വർഷംതോറും എൻട്രൻസ് എക്സാമിനേഷൻ നടത്തുന്നതുപോലെ എക്സാമിനേഷൻ നടത്തുകയും ലിസ്റ്റ് സംഘങ്ങൾക്ക് കൊടുക്കുകയും ചെയ്യുക എന്നതാണ്. പി.എസ്.സി. ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയുടെ മാനദണ്ഡം പോലെ അതാത് സംഘം മാർക്ക് നിശ്ചയിച്ച് സെലക്ഷൻ നടത്തി അപ്പോയിന്റ്മെന്റ് നിശ്ചയിക്കും, അപ്പോൾ സംഘങ്ങൾക്കുള്ള ജനാധിപത്യപരമായിട്ടുള്ള അവകാശം ഊറപ്പാകുകയും അതേസമയം കോ-ഓപ്പറേറ്റീവ് സെക്ടറിന് കൊമേഴ്സ്യൽ ബാങ്കുകളോട് കിടപിടിക്കാൻ പര്യാപ്തമായിട്ടുള്ള വിധത്തിൽ എഫിഷ്യൻസി വികസിപ്പിച്ചെടുക്കുന്നതിന് സാധിക്കുകയും ചെയ്യും. ബൗദ്ധികമായിട്ടുള്ള കഴിവുകളെ ഏറ്റവും ശാസ്ത്രീയമായി പരമാവധി പ്രയോജനപ്പെടുത്തി ജനാധിപത്യ അവകാശങ്ങൾ സംരക്ഷിച്ച് ലോക്കൽ ടച്ച് ഉറപ്പാക്കിക്കൊണ്ട് വരികയെന്നുള്ള അഭിപ്രായം സെലക്ടു കമ്മിറ്റി തെളിവെടുപ്പ് വേളകളിൽ ഉയർന്നുവന്നിരുന്നു. അത് അടിസ്ഥാനപരമായി ഈ ബില്ലിൽ ഭേദഗതിയോടുകൂടി നിർദ്ദേശിക്കപ്പെടുകയാണ്. ഒരു സംഘത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയുടെ കാലാവധി മൂന്നുവർഷമായിരുന്നത് അഞ്ച് വർഷമാക്കി. അഞ്ച് വർഷമാക്കുന്നതിന്റെ ഫലമായി ഒരു ഇലക്ഷൻ കമ്മീഷൻ വരുന്നു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ജനാധിപത്യ സംവിധാനം പോലെ അഞ്ച് വർഷമാണ് കാലാവധി, ഇതു സംബന്ധിച്ച് സമ്മിശ്ര പ്രതികരണങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. കാലാവധി കഴിഞ്ഞ കമ്മിറ്റികൾ പിരിച്ചുവിടുക എന്നുള്ള നിലയിലേയ്ക്ക് പ്രതികരണങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. നിലവിൽ തുടരുന്നത് അഞ്ച് വർഷമാക്കി. ഘടനാപരമായി മാറ്റംവരാത്ത എല്ലാ സ്ഥാപനങ്ങളിലും അഞ്ച് വർഷം എന്നുള്ളത് നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

തിന്റെ കണ്ടിന്യൂറ്റിയായി തുടരുകയെന്ന സമീപനമാണ് ഈ ബില്ലിൽ വിവക്ഷിച്ചിട്ടുള്ളത്. അതുപോലെ സഹകരണരംഗത്ത്, ദൗർഭാഗ്യകരമെന്നു പറയട്ടെ, അത്യപൂർവ്വമായ സന്ദർഭങ്ങളിൽ ചില ഭീകരർ പ്രത്യക്ഷപ്പെടാറുണ്ട്. സ്വത്ത് വെട്ടിപ്പിടിത്തത്തിന്റേയും പണാപഹരണത്തിന്റേയും രീതിയിലേയ്ക്കുള്ള അനാരോഗ്യകരമായ ചില പ്രവണതകൾ ശക്തിപ്പെടാറുണ്ട്. അത്തരം ഒരു പ്രവണതയാണ് ഇവിടെ ബിൽ അവതരിപ്പിച്ച സന്ദർഭത്തിൽ കണ്ടിരുന്നത്. കുറ്റങ്ങളുടെ അന്വേഷണ വിചാരണയും അന്വേഷണവും നടത്തുന്നതിന് ഡി.ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥൻ ഉൾപ്പെടുന്ന ഒരു പ്രത്യേക സെൽ എന്നുള്ള നിലയിലുള്ള അഭിപ്രായമായിരുന്നു സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പ് വേളയിലും ചർച്ചകളിലും കണ്ടിരുന്നത്. പോലീസിന് യഥേഷ്ടം കയറി ഒരു മേച്ചിൽ സ്ഥലമാക്കി സഹകരണമേഖലയെ തകർക്കാനുള്ള അവസരമാക്കി അത് ദുർവിനിയോഗം ചെയ്യാൻ സാധ്യതയുണ്ട് എന്ന് ഉൽക്കണ്ഠ ഉയർന്നുവരുന്ന സഹചര്യമുണ്ടായിരുന്നു. ആ സാഹചര്യം ദൂരീകരിക്കാൻ കഴിയത്തക്ക വിധത്തിൽ ആവശ്യമായ ഭേദഗതികൾ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രജിസ്ട്രാർ ആവശ്യപ്പെടുന്ന അതീവ ഗൗരവതരമായ പ്രശ്നങ്ങളിൽ ഇന്ന് കേസിന്റെ കാര്യങ്ങളിൽ വരുന്ന കാലതാമസം ഒഴിവാക്കി പെട്ടെന്ന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുവേണ്ടി ഡി.ഐ.ജി റാങ്കിലുള്ള ഉദ്യോഗസ്ഥൻ ഉൾപ്പെടുന്ന ഒരു പ്രത്യേക സെൽ മറ്റ് മേഖലകളിൽ വർക്കുചെയ്യുന്നതുപോലെ, പ്രവർത്തിക്കുകയെന്നുള്ള നിലയിൽ ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത് ബില്ലിന്റെ ചർച്ചയുടെയും തെളിവെടുപ്പിന്റേയും ഘട്ടത്തിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ സഹകരണ മേഖല വളരെ പ്രധാനപ്പെട്ട പങ്ക് നിർവ്വഹിക്കുന്നതുകൊണ്ട് ഈ മേഖലയിൽ സാമ്പത്തികമായ അച്ചടക്കം അതിപ്രധാനമായ ഘടകമാണ്. അതുകൊണ്ടാണ് ആഡിറ്റിന് വേണ്ടി ഒരു പ്രത്യേക വിംഗ് രൂപീകരിച്ചത്. സാധാരണഗതിയിൽ ഒരു ഗവൺമെന്റ് വരുമ്പോൾ ജനറലിലേയ്ക്ക് ഒരു തള്ളിക്കയറ്റം വരും. ആഡിറ്റിൽ ആൾ ഉണ്ടാകില്ല. അപ്പോൾ മുമ്പ് ജനറലിൽ ഇരുന്ന ആളിനെ ആഡിറ്റിലേയ്ക്ക് മാറ്റുന്നു. ആഡിറ്റിൽ ഇരുന്ന ആളിനെ ജനറലിലേയ്ക്ക് മാറ്റും. അങ്ങനെ സൗകര്യപ്രദമായ വിധത്തിൽ സൗകര്യം നോക്കി "അവനവനിസത്തിന്റെ" അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായി വരുന്ന പ്രവണത ഒരിക്കലും ഈ മേഖലയുടെ വിശാലമായ താൽപ്പര്യത്തിന് ആരോഗ്യകരമായിരിക്കുകയില്ല. ഇതു കണ്ടുകൊണ്ടുതന്നെയാണ് ആഡിറ്റ് മേഖലയ്ക്ക് ഒരു ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് പ്രത്യേക വിംഗ് രൂപീകരിക്കാൻ തീരുമാനിച്ചത്. സാമ്പത്തിക അച്ചടക്കം ഉറപ്പാക്കുന്നതോടുകൂടി ഈ മേഖലയിൽ വന്നിച്ച പുരോഗതി കൈവരിക്കാൻ കഴിയും. കൈവരിച്ച പുരോഗതിയിൽ മുരടിപ്പ് നേരിടാൻ പാടില്ല. അത് ഏറ്റവും ഫലപ്രദമായി സമൂഹത്തിന്റെ നന്മയ്ക്ക് വിനിയോഗിക്കുക എന്നുള്ളതാണ് പ്രധാനമായ ലക്ഷ്യം. അങ്ങനെ ലക്ഷ്യം വയ്ക്കുന്നതിന്റെ ഭാഗമായി മിച്ച ഫണ്ട് എപ്രകാരം വിനിയോഗിക്കണം എന്ന് ആലോചിക്കണം. അതിന് കൺസോർഷ്യം രൂപീകരിക്കുകയാണ് ചെയ്യേണ്ടത്.

അത് ഗവൺമെന്റ് ഗാരന്റിയോടുകൂടി വയബിളായിട്ടുള്ള പ്രോജക്ടുകൾക്ക് ഉപയോഗപ്പെടുത്താം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായും മറ്റ് സർക്കാർ സ്ഥാപനങ്ങളുമായും സഹകരിച്ചുകൊണ്ട് ഈ മിച്ച ഫണ്ട് കേരളത്തിന്റെ വികസനത്തിനും വളർച്ചയ്ക്കുമായി വിനിയോഗിക്കുകയെന്ന കാഴ്ചപ്പാട് വച്ചുകൊണ്ട് പരമാവധി നിക്ഷേപം സമാഹരിക്കണം. ഈ മേഖലയുടെ വളർച്ചയും അതിന്റെ സാമ്പത്തിക വിനിമയവും കേരളത്തിന്റെ ഒട്ടാകെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുകയെന്ന കാഴ്ചപ്പാട് വച്ചുകൊണ്ടുള്ള കൺസോർഷ്യം രൂപീകരിക്കുകയെന്നുള്ളത് പ്രധാനമാണ്. തങ്ങളുടെതല്ലാത്ത പല കാരണങ്ങളാൽ പ്രതിസന്ധിയിലകപ്പെട്ട് നഷ്ടത്തിലേക്ക്പോകുന്ന ഒരുപാട് പ്രൈമറി സംഘങ്ങളുണ്ട്. പ്രതിസന്ധി നേരിടുന്ന പ്രൈമറി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക ഫണ്ട് രൂപീകരിച്ചുകൊണ്ടുള്ള വ്യവസ്ഥയും ഇതിന്റെ ഭാഗമായിട്ട് വരും. അപ്പോൾ നിലവിലുള്ളതിനെ മെച്ചപ്പെടുത്തിയെടുക്കുകയും പ്രതിസന്ധി നേരിടുന്നതിനെ സംരക്ഷിച്ചെടുക്കുകയും, ഉള്ള ഫണ്ട് സമൂഹത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുമായി പ്രയോജനപ്പെടുത്തുകയും ചെയ്യണം. അങ്ങനെ പ്രയോജനപ്പെടുത്തുമ്പോൾ അത് ദുർവിനിയോഗം ചെയ്യപ്പെടുകയില്ലെന്ന് ഉറപ്പ് വരുത്താൻ കഴിയത്തക്ക വിധത്തിൽ സാമ്പത്തിക അച്ചടക്കം പാലിക്കണം. സാമ്പത്തിക അച്ചടക്കം പാലിക്കുമ്പോൾ ഗവൺമെന്റ് ഗ്യാരന്റി മൗലികമായി ഉറപ്പാക്കണം. സഹകരണപ്രസ്ഥാനത്തിന്റെ വളർച്ച സമൂഹത്തിന്റെ വളർച്ചയായി കണ്ടുകൊണ്ട് മാറ്റത്തിനായി പ്രയോജനപ്പെടുത്തി എന്നുള്ള കാഴ്ചപ്പാട് ഇതിൽ കാണപ്പെടും.

മറ്റൊന്ന് സ്വയംഭരണസ്ഥാപനങ്ങൾക്ക് അംഗത്വം നൽകി എന്നുള്ളതാണ്. തദ്ദേശഭരണസ്ഥാപനങ്ങൾ വിശേഷിച്ചും ജനകീയാസൂത്രണ പ്രസ്ഥാനം, കേരളത്തിന്റെ വളർച്ചയിൽ ഒരു പ്രധാന പങ്ക് വഹിക്കുകയാണ്. ഗ്രാമ വികസന പ്രക്രിയയിൽ സെൽഫ് ഗവൺമെന്റുകൾ എന്നുള്ള നിലയിൽ ഇന്ന് കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അംഗത്വം കൊടുക്കുകയെന്നുള്ള ഒരു പുതിയ മാനം കൈവരിക്കുകയാണ്. സാമൂഹ്യ വികസന പ്രക്രിയയിൽ സ്വയംഭരണ സ്ഥാപനങ്ങളുടേയും സർവ്വീസ് സഹകരണ ബാങ്കുകളുടേയും പരസ്പരപൂരകമായ പങ്ക് ഉറപ്പാക്കിക്കൊണ്ട് സാമൂഹ്യ വികസനപ്രക്രിയയുടെ വേഗത വർദ്ധിപ്പിക്കുകയും അതിന് ഒരു ശാസ്ത്രീയത കൈവരിക്കുകയും ചെയ്യുകയെന്നുള്ള കാഴ്ചപ്പാട് അടിസ്ഥാനപരമായി ലക്ഷ്യം വയ്ക്കുന്നു എന്നുള്ളതുകൊണ്ടാണ് അതിലേയ്ക്ക് വരുന്നത്.

മറ്റൊന്ന്, ഫെഡറൽ സംഘങ്ങളാണ്. ഇന്നിപ്പോൾ സംഘങ്ങളുടെ ത്രീതല സംവിധാനമാണ് നിലവിലുള്ളത്. പ്രൈമറി സംഘം, സെൻട്രൽ സംഘം, അപ്പെക്സ് ബോഡികൾ. ഇവിടെ ഫെഡറൽ സംഘങ്ങൾ എന്നുള്ള പുതിയ മാനം കൂടി കൈവരിക്കുകയാണ്. ഫെഡറൽ സംഘങ്ങൾ അപ്പെക്സ് സംഘങ്ങളോട് അഫിലിയേറ്റ് ചെയ്യുന്നതിനുവേണ്ടി ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സമൂഹം വലിയ മാറ്റത്തിന് വിധേയമാണ്. സയൻസ് ആന്റ് ടെക്നോളജിയിൽ വലിയ മാറ്റമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ലോകത്ത് ഉണ്ടാകുന്ന മാറ്റം, സയൻസ് ആന്റ് ടെക്നോളജിയിലുണ്ടാകുന്ന മാറ്റം, വളരെ വലുതാണ്. ഫെഡറൽ സംഘം രൂപീകരിക്കപ്പെട്ടുകഴിയുന്നതിലൂടെ വ്യക്തികൾ അവരുടെ കഴിവുകളേയും പ്രൊഫഷനുകളേയും ഈ സഹകരണ പ്രസ്ഥാനത്തിന്റെ ഒരു ദൗത്യനിർവ്വഹണ മാറ്റത്തിന്റെ പന്ഥാവിൽ പ്രയോജനപ്പെടുത്തും എന്നുള്ള കാഴ്ചപ്പാട് വച്ചുകൊണ്ട് അംഗത്വം നൽകുകയാണ്. അങ്ങനെ കൊടുക്കുമ്പോൾ സംഘങ്ങൾക്കുള്ള മുൻകൈ നഷ്ടപ്പെടാത്ത വിധത്തിൽ പരിമിതപ്പെടുത്തിക്കൊണ്ടും അതേയവസരത്തിൽ വ്യക്തികളുടെ ശ്രേഷ്ഠമായ പങ്കിനെ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തിക്കൊണ്ടും സഹകരണമേഖലയ്ക്ക് ഒരു പുതിയ ദിശാബോധം ഈ ഫെഡറൽ സംഘം എന്ന കൺസെപ്റ്റ് വഴി, പുതിയ മാനം കൈവരിക്കുക എന്നുള്ള നിലയിലേയ്ക്ക് കൊണ്ടുവരികയാണ്. ഇപ്രകാരം നാനാതരത്തിലുമുള്ള സാമൂഹ്യ പ്രത്യാഘാതങ്ങൾ മനസ്സിലാക്കിക്കൊണ്ട് സമൂഹത്തിന്റെ ഒട്ടാകെയുള്ള വളർച്ചയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly

പുരോഗതിക്കും. ചലനം, മാറ്റം എന്നിവ ഉറപ്പാക്കുകയും അത് ഗുണകര മായിത്തീർക്കുകയും ചെയ്യുക എന്ന ഒരു ശാസ്ത്രീയമായ സമീപനം ഈ ബില്ലിന്റെ ഉള്ളടക്കത്തിൽ മൗലികമായി ഉയർത്തിപ്പിടിക്കുന്നുണ്ട്. ഇനിയും ഇവിടെ വിശദമായി ചർച്ച ചെയ്യാം. ആ ചർച്ചയിലൂടെ സൃഷ്ടിപരവും ക്രിയാ ത്മകവുമായ നിർദ്ദേശങ്ങൾ ഉയർന്നുവരും. ഒരു വിപുലമായ ജനാധിപത്യ പ്രക്രിയ ഈ 8 മാസത്തിനുള്ളിൽ സെലക്ട് കമ്മിറ്റിയിൽ നിർവ്വഹിച്ചിട്ടുണ്ട്. എല്ലാ അർത്ഥത്തിലും ഒരേ അഭിപ്രായം രൂപീകരിക്കുകയെന്നുള്ളത് അസാ ദ്ധ്യമാണെങ്കിലും അത് പരമാവധി സാദ്ധ്യമാകാൻ കഴിയുന്ന വിധത്തിൽ അഭി പ്രായം രൂപീകരിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. ചർച്ചകളിലൂടെ ഇനിയും തുറന്ന മനസ്സോടുകൂടിയുള്ള ആ സമീപനം തുടരുകയും ചെയ്യുന്നതാണ്. ആ നിലയിൽ കുറ്റമറ്റ നിയമമാക്കി ഈ സഹകരണ ഭേദഗതി നിയമത്തെ മാറ്റുന്ന തിനുള്ള വിലപ്പെട്ട നിർദ്ദേശങ്ങളും സൃഷ്ടിപരമായ അഭിപ്രായപ്രകടനങ്ങളും ചർച്ചയിൽ ഉയർന്നുവരുമെന്നുള്ള പ്രത്യാശയോടുകൂടി ഏകകണ്ഠമായി ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയം ഞാൻ അവതരി പ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : ഇതിന്റെ ചർച്ച ഇവിടെ ഇന്നും നാളെയുമായിട്ട് നടക്കും. രണ്ട് തരത്തിലാണ് ചർച്ച നടക്കുന്നത്. ആദ്യമായി വിയോജനക്കു റിപ്പ് നൽകിയ അംഗങ്ങളുടെ ചർച്ചയാണ്. അതിൽത്തന്നെ സംസാരിക്കാൻ 6 അംഗങ്ങളുണ്ട്. തുടർന്ന് ഭേദഗതി നൽകിയ അംഗങ്ങളുടെ ചർച്ചയാണ് നട ക്കുന്നത്. അതിൽ എത്രപേർ സംസാരിക്കാനുണ്ടെന്ന് പറയേണ്ട കാര്യമില്ല. പരമാവധി അംഗങ്ങൾക്ക് ചർച്ചയിൽ പങ്കെടുക്കാനുള്ള അവസരം സ്വയം സൃഷ്ടിക്കാൻ അംഗങ്ങൾ തയ്യാറാകണം. കാരണം, ഇന്ന് 1.30-ന് ചർച്ച അവ സാനിപ്പിക്കും. അതുകൂടി മനസ്സിലാക്കണം. സമയക്ലിപ്തത സംബന്ധിച്ച് നിയ ന്ത്രണം വച്ചില്ലെങ്കിൽ താത്പര്യമുള്ള എല്ലാവർക്കും സംസാരിക്കാൻ കഴിയാ തെപോകും.

<u>ശ്രീ. ബി. വിജയകുമാർ</u> : സർ, വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു. സഹകരണ സംഘം ഭേദഗതി നിയമം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഈ സഭയിൽ പ്രസംഗിച്ചപ്പോൾ ഇന്ന് അദ്ദേഹം പ്രസംഗിച്ചതിനേക്കാൾ കൂടുതൽ പ്രതീക്ഷകളാണ് ഞങ്ങളെപ്പോലുള്ള സഹ കാരികളുടെ മനസ്സിലുണ്ടായിരുന്നത് എന്നാൽ, വാക്കുകൾ കൊണ്ട് സഹകാ രികൾക്ക് പ്രതീക്ഷ നൽകുകയും പ്രവൃത്തി വരുമ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ ആരോ കൂച്ച്വിലങ്ങിടുന്നതായി തോന്നുകയും ചെയ്ത അനുഭവമാണ് സെലക്ട് കമ്മിറ്റിയിൽ ഞങ്ങൾക്ക് ഉണ്ടായത്. ഇൻഡ്യയിലെ പല സംസ്ഥാന ങ്ങളും സഹകരണ മേഖലയെ കൂടുതൽ സ്വതന്ത്രമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്നതിന് നിയമനിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്ന ഒരു കാല ഘട്ടമാണിത്. ഇതിന് തുടക്കം കുറിച്ചത് 1995-ലെ ആന്ധ്രാ പ്രദേശ് മ്യൂച്ചലി എയ്ഡഡ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് ആണ്. സ്വന്തം കാലിൽ നിൽക്കാനുള്ള ത്രാണിയുള്ള സഹകരണസ്ഥാപനങ്ങളെ പൂർണ്ണമായി സ്വത ന്ത്രമായ ജനാധിപത്യ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ അനുവദിക്കുന്ന ഒരു നിയമമാണ് ആന്ധ്രാപ്രദേശിൽ ഉള്ളത്. അതിനെ തുടർന്ന് രാജസ്ഥാൻ, മദ്ധ്യ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിലവിലുള്ള സഹകരണ നിയമത്തിൽ സർക്കാരിന്റേയും രജിസ്ട്രാറുടേയും നിയന്ത്രണാധികാരങ്ങളെ കുറച്ചുകൊ ണ്ടുള്ള നിയമഭേദഗതികൾ കൊണ്ടുവന്നു. അഖിലേന്ത്യാതലത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വതന്ത്ര ജനാധിപത്യ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്ന സഹ

LIBRARY ARCHIVES Kerala Legislative Assembly

കരണസ്ഥാപനങ്ങൾക്ക് വേദിയൊരുക്കാൻ സമഗ്ര സഹകരണ നിയമം കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. ആ സാഹചര്യത്തിലാണ് ഈ സഹകരണ ഭേദഗതി നിയമത്തെ വിലയിരുത്താനുള്ളത്. ഈ ബില്ലിന്റെ പീഠികയിൽ പറഞ്ഞിരിക്കുന്നത് സഹകരണസംഘങ്ങളെ സ്വയംഭരണ ജനാധിപത്യ സ്ഥാപനങ്ങളായി മാറ്റുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നാണ്. എന്നാൽ, ഈ സഹകരണസ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെ ഇടപെടലുകളും അധികാരദുർവിനിയോഗവും വർദ്ധിപ്പിക്കാനുതകത്തക്ക വകുപ്പുകളാണ് ചേർത്തിരിക്കുന്നത്. ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളിലെ നിയമങ്ങളിലെ പുരോഗമന സ്വഭാവം ഈ നിയമത്തിൽ ഇല്ലെന്ന് മാത്രമല്ല, അവയിൽ നിന്നൊക്കെ ബഹുദൂരം പുറകോട്ട് പോകുന്ന നിയമ ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. കേരളത്തിലെ സഹകരണമേഖലയെ സംബൂർണ്ണമായി രാഷ്ട്രീയവൽക്കരിച്ചശേഷം, സഹകരണ ജനാധിപത്യത്തെ കഴുത്തുഞെരിച്ച് കൊന്നശേഷം ഈ ഗവൺമെന്റ് കൊണ്ടുവന്ന നിയമഭേദഗതിയുടെ ഉദ്ദേശശുദ്ധിയെ ഞാൻ ആദ്യംതന്നെ ചോദ്യം ചെയ്യുന്നു. സഹകരണ നിയമഭേദഗതി കൊണ്ടുവരുന്നതിനുമുൻപ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുമാതിരി സഹകരണബാങ്ക് ആഡിറ്റോറിയത്തിൽ മുൻവിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. പിണറായി വിജയൻ കേരളത്തിലെ പ്രമുഖരായ സഹകാരികളെ വിളിച്ചു ചേർത്ത് ഒരു ചർച്ച നടത്തിയിരുന്നു. ആ ചർച്ചയിൽ രാഷ്ട്രീയഭേദം മറന്ന് കേരളത്തിലെ സഹകാരികൾ പൊതുവായ ചില നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയുണ്ടായി. സഹകരണരംഗത്ത് ഉദ്യോഗസ്ഥരുടെ തേർവായ്ച അവസാനിപ്പിച്ച് ജനാധിപത്യഭരണം കൂടുതൽ സുതാര്യമാക്കണമെന്ന് രാഷ്ട്രീയഭേദമെന്യേ എല്ലാവരും ഒരു പൊതു അഭിപ്രായം പ്രകടിപ്പിച്ചിരുന്നു. എന്നാൽ ഭേദഗതി സഭയിൽ അവതരിപ്പിച്ചപ്പോൾ സഹകാരികളെ കുറേക്കൂടി ബന്ധനസ്ഥരാക്കുന്ന, ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്ന വ്യവസ്ഥകളാണ് കാണുന്നത്. സെലക്ട് കമ്മിറ്റിക്ക് വിട്ടപ്പോൾ സെലക്ട് കമ്മിറ്റിയിലും ബഹുമാനപ്പെട്ട മന്ത്രി ഉദാരമായ സമീപനമാണെന്ന് വരുത്തിത്തീർക്കാൻ ബോധപൂർവ്വമായ ശ്രമം നടത്തി. വളരെ ഉദാരമായ ഒരു സമീപനം സ്വീകരിക്കുന്ന ഒരു ലക്ഷണമാണെന്ന തരത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞവസാനിപ്പിച്ചത്. കണ്ടാൽ പ്രതീക്ഷ നൽകുന്ന ഒരു സമീപനമാണ്. പക്ഷേ ചർച്ചയുടെ അവസാനം എത്തിയപ്പോൾ മന്ത്രിയുടെ നിസ്സാഹായത വളരെ വ്യക്തമാകുന്ന സാഹചര്യം ഞങ്ങൾക്ക് അനുഭവപ്പെട്ടു. പല ഘട്ടങ്ങളിലും രജിസ്ട്രാറുടേയും ഉദ്യോഗസ്ഥരുടേയും ലാഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുടേയും മന്ത്രിയുടെ തന്നെയും നിസ്സാഹായത ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. സെലക്ട് കമ്മിറ്റി ചർച്ചയിൽ ഉയർന്നുവന്നിട്ടില്ലാത്ത പല കാര്യങ്ങളും ഈ ഭേദഗതി നിയമത്തിൽ ഉണ്ട്. സഹകരണസ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിൽ ഭരണസംവിധാനം ഉപയോഗിച്ച് അക്രമങ്ങളും അഴിമതിയും നടത്തി സഹകരണസ്ഥാപനങ്ങളെ പിടിച്ചെടുക്കുന്നത് അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ് ഇലക്ഷൻ കമ്മിഷൻ കൊണ്ടുവന്നിരിക്കുന്നത്. ഇലക്ഷൻ കമ്മിഷൻ വന്നുകഴിഞ്ഞാൽ കേരളത്തിൽ സഹകരണസ്ഥാപനങ്ങളിലെ ഇലക്ഷൻ മുഴുവൻ സംപൂർണ്ണമായി ജനാധിപത്യരീതിയിൽ നടക്കും, ഇന്ന് നടക്കുന്ന ഗുണ്ടായിസം നടക്കുകയില്ലെന്ന് നമുക്ക് തോന്നും. ശരിയാണ്. ഈയിടെ നടന്ന മണ്ണൂർ ബാങ്ക് ഇലക്ഷനെ സംബന്ധിച്ചിടത്തോളം പരാതി കിട്ടിയാൽ അന്വേഷിക്കാമെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. മന്ത്രി നിസ്സാഹായനാണെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അവിടെ എന്താണ് നടന്നത്? ഇലക്ഷൻ ഏജന്റുമാരേയും

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫ് സ്ഥാനാർത്ഥികളേയും പോലീസ് സ്റ്റേഷനിൽ തടഞ്ഞുവച്ച് ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ വ്യാപകമായി കള്ളവോട്ട് നടത്തിയാണ് പയ്യാവൂർ ആവർത്തിച്ചുകൊണ്ട് മണ്ണൂർ ബാങ്ക് ഇലക്ഷൻ നടത്തിയത്. പരാതി കൊടുക്കാൻപോയ സ്ഥാനാർത്ഥികളേയും ഏജന്റുമാരേയും പോലീസ് സ്റ്റേഷനിൽ ഇരുത്തിയിട്ട് അവിടെ വ്യാജ ഐഡന്റിറ്റികാർഡ് ഉപയോഗിച്ച് ഇലക്ഷൻ നടന്നു. മന്ത്രി പറഞ്ഞു, കോടതിയുടെ ഉത്തരവുമൂലം പെട്ടി എണ്ണിയിട്ടില്ലെന്ന്. പെട്ടി എണ്ണിനോക്കിയാൽ ആര് ജയിക്കുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. അഞ്ചുവർഷത്തേയ്ക്ക് ഒരു ഐ.എ.എസ് ഉദ്യോഗസ്ഥനെ നിയമിച്ചുകൊണ്ട് അവർ ഉദ്ദേശിക്കുന്ന ആളുകളെ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും എടുത്തുകൊണ്ട് ഒരു വിംഗ് ഉണ്ടാക്കി. ഇലക്ഷൻ കമ്മിഷൻ രൂപീകരിച്ചുകൊണ്ട് ഇലക്ഷൻ നടത്താനുള്ള സംവിധാനമാണ് ഈ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്. ഈ സംവിധാനത്തിൽ ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർ, എസ്.പി, ഐ.ജി, ഡി.ജി.പി എന്നിവരെ നോക്കുകുത്തിയായി നിറുത്തിക്കൊണ്ട്, ഹൈക്കോടതിയുടെ വിമർശനത്തിന് അവർ വിധേയരാകുന്ന സാഹചര്യം ഉണ്ടാക്കിക്കൊണ്ട് പയ്യാവൂർ മോഡൽ ഇലക്ഷൻ സഹകരണരംഗത്ത് നടക്കാൻ ഇടയാകും. അതുകൊണ്ട് ഞങ്ങൾ പറഞ്ഞു, ഇലക്ഷൻ കമ്മീഷന് ജുഡിഷ്യൽ സ്വഭാവം വേണമെന്ന്, ഡിസ്ട്രിക്ട് ജഡ്ജിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ അതിന് നിയമിക്കണം. മന്ത്രിയെപ്പോലും നിസ്സഹായനാക്കുന്ന അക്രമവും തേർവാഴ്ചയും അവസാനിപ്പിക്കണമെങ്കിൽ, പയ്യാവൂരിൽ ചീഫ് സെക്രട്ടറിയേയും, ഐ.ജി.യേയും, എസ്.പി.യേയും, ഡി.ജി.പി.യേയും ജില്ലാ കളക്ടറടക്കമുള്ള ഉദ്യോഗസ്ഥരേയും കൈകെട്ടി നിറുത്തിക്കൊണ്ട് അഴിഞ്ഞാടിയ നാടകങ്ങൾ സഹകരണരംഗത്ത് അവസാനിപ്പിക്കണമെങ്കിൽ ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനെ ഇലക്ഷൻ കമ്മിഷനായി നിയമിച്ചുകൊണ്ട്, കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെ മാത്രം അതിൽ സ്റ്റാഫായി നിയോഗിച്ചുകൊണ്ട് ഇലക്ഷൻ കമ്മിഷൻ രൂപീകരിക്കണം. എന്തുകൊണ്ട് ഇത് പറയുന്നുവെന്ന് ചോദിച്ചാൽ ഇന്ന് ഇലക്ഷൻ നടത്തുന്ന റിട്ടേണിംഗ് ഓഫീസർക്ക് ഏത് ഡിപ്പാർട്ടുമെന്റിൽനിന്നുള്ള ഉദ്യോഗസ്ഥരേയും വിളിച്ച് ഇലക്ഷൻ നടത്താനുള്ള സ്വാതന്ത്ര്യമുണ്ട്. അങ്ങനെ ചെയ്യുമ്പോൾ എൻ.ജി.ഒ യൂണിയൻകാരായ ആളുകളെമാത്രം നിയമിച്ച് ആ സംഘം പിടിച്ചെടുക്കുന്നതിന് കൂട്ടുനിൽക്കത്തക്ക രീതിയിലുള്ള ഇന്നത്തെ സംവിധാനം ഒഴിവാക്കാൻ ഒരു ജുഡീഷ്യൽ ഉദ്യോഗസ്ഥനെ ഇലക്ഷൻ കമ്മിഷനായി നിയമിച്ചാൽ മാത്രമേ കഴിയൂ.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ഇവിടെ അവതരിപ്പിച്ച ബിൽ സഹകരണ നിയമത്തിന്റെ ഭേദഗതി സംബന്ധിച്ചുള്ളതാണ്. പക്ഷേ ശ്രീ. വിജയകുമാർ ഇവിടെ സംസാരിക്കുന്നത് പയ്യാവൂരിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനെക്കുറിച്ചാണ്. ഇത് രണ്ടും തമ്മിലുള്ള ബന്ധമെന്താണെന്നു മനസ്സിലാകുന്നില്ല.

<u>ശ്രീ. ബി. വിജയകുമാർ</u> : അങ്ങയ്ക്ക് മലയാളം അറിയുകയില്ലെന്ന് തോന്നുന്നു. തമിഴ്നാട്ടിൽ നിന്നാണോ വരുന്നത്? ശ്രീ. എ.കെ. മണി പറഞ്ഞാൽ പിന്നെയും മനസ്സിലാക്കാം. ഇന്ന് എന്താണ് സ്ഥിതി? ഇന്ന് സഹകരണ സ്ഥാപനങ്ങളുടെ ജനാധിപത്യാവകാശം നിലനിറുത്തുന്നത് കോടതികളാണ്. ഒരു സംഘത്തിൽ ഇലക്ഷൻ നടക്കുന്നതിന് മുന്നോടിയായി ഹൈക്കോടതിയിൽ മൂന്ന് കേസിന് പോകണം. ജനാധിപത്യ രീതിയിൽ ഇലക്ഷൻ നടക്കാൻ, പോലീസ് പ്രൊട്ടക്ഷൻ, ഒബ്സർവർ എന്നിങ്ങനെ മൂന്നു കാര്യങ്ങളിൽ ഉത്തരവുകൾ സമ്പാദിച്ചുകൊണ്ടുമാത്രമേ ഒരു സഹകരണ സ്ഥാപനത്തിൽ ഇല

LIBRARY ARCHIVES Kerala Legislative Assembly

ക്ഷൻ നടത്താൻ കഴിയൂ. ആ സ്ഥിതിവിശേഷം തന്നെ ഈ ഐ.എ.എസ് ഉദ്യോഗസ്ഥൻ ഇലക്ഷൻ കമ്മിഷനായി വരുന്നതോടുകൂടി ഈ സംസ്ഥാനത്ത് തുടരുമെന്നുള്ളതുകൊണ്ട് ജുഡിഷ്യൽ സ്വഭാവമുള്ള, ജില്ലാ ജഡ്ജിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ഇലക്ഷൻ കമ്മിഷനായി നിയമിക്കണം. അതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രി, ആർക്കും അംഗത്വം, അഫിലിയേഷൻ എന്നിവയെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ഏത് സൊസൈറ്റിയിൽ ഏത് സംഘം അഫിലിയേഷൻ ചോദിച്ചാലും ആ സംഘത്തിന് അഫിലിയേഷൻ കൊടുക്കണം. അതാണ് ഞാൻ ഗവൺമെന്റിന്റെ ഇരട്ടത്താപ്പ് നയമെന്ന് പറഞ്ഞത്. ഈ നിയമത്തിൽ ക്ളാസ്സ് 8 (എ)-അഫിലിയേഷൻ ടു അപ്പെക്സ് സൊസൈറ്റി. എന്താണ് അതിൽ പറയുന്നത്? "Where the apex society does not, within sixty days from the date of receipt of the application for affiliation, determine whether such affiliation should be given or not, such affiliation shall be deemed to have been given to the applicant society from the date on which the said period of sixty days expires".ഒരു അപ്പെക്സ് സൊസൈറ്റിയിൽ ഒരു സംഘം അഫിലിയേഷന് ചോദിച്ചാൽ 60 ദിവസത്തിനകം കൊടുത്തില്ലെങ്കിൽ കൊടുത്തതായി പരിഗണിക്കപ്പെടുകയും അംഗമായി ചേർക്കുകയും ചെയ്യുമെന്നാണ്. അതേസമയം സെൻട്രൽ സൊസൈറ്റിയിൽ എന്താണ് പറയുന്നത് ?

The aggrieved society may file an appeal before the Registrar against such rejection within 30 days....രജിസ്ട്രാർക്കും ഗവൺമെന്റിനും അപ്പീൽ കൊടുക്കാനുള്ള അധികാരം കൊടുത്തിരിക്കുന്നു. സെൻട്രൽ സൊസൈറ്റിയെന്ന് പറയുന്നത് ജില്ലാ സഹകരണ ബാങ്കുകളാണ്. ജില്ലാ ബാങ്കുകൾ പൂർണ്ണമായും ഇന്നത്തെ രാഷ്ട്രീയ നേതൃത്വത്തിന്റെ ഭരണത്തിൻകീഴിലായിക്കഴിഞ്ഞിരിക്കുന്നതുകൊണ്ട് സെൻട്രൽ സൊസൈറ്റിയിൽ അഫിലിയേഷൻ ചോദിച്ചാൽ കൊടുത്തില്ലെങ്കിൽ രജിസ്ട്രാർക്കും ഗവൺമെന്റിനും അപ്പീൽ കൊടുക്കാനുള്ള അധികാരം കൊടുക്കുകയും ചെയ്യുന്നു. ഈ അപ്പെക്സ് ബാങ്കുകളിൽ ശ്രീ. എം.എം. ഹസ്സൻ പ്രസിഡന്റായിട്ടുള്ള ഹൗസിംഗ് ഫെഡറേഷൻ, ശ്രീ. ശിവദാസൻ നായർ പ്രസിഡന്റായിട്ടുള്ള ലാന്റ് ഡെവലപ്മെന്റ് ബാങ്ക് ശ്രീ. മോനിപ്പള്ളി പ്രസിഡന്റായിട്ടുള്ള റബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഇവയെല്ലാം വരും. അതെല്ലാം ഐക്യജനാധിപത്യമുന്നണിയുടെ ഭരണത്തിൻ കീഴിലായതിനാൽ ആ മൂന്ന് സംഘങ്ങളേയും പിടിച്ചെടുക്കുന്നതിനുവേണ്ടി, അഫിലിയേഷൻ ചോദിച്ചാൽ രണ്ടു മാസത്തിനുള്ളിൽ കൊടുത്തില്ലെങ്കിൽ അഫിലിയേഷൻ കൊടുത്തതായി പ്രഖ്യാപിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതൊരു ഇരട്ടത്താപ്പ് നയമാണ്. ലാന്റ് ഡെവലപ്മെന്റ് ബാങ്കിന്റെ ചരിത്രം കേരളത്തിലെ സഹകരണരംഗത്തുള്ള എല്ലാവർക്കും അറിയാം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ സംസ്ഥാന കാർഷിക വികസന ബാങ്ക് പിരിച്ചുവിട്ടു. ഹൈക്കോടതി രജിസ്ട്രാർ ആ ഉത്തരവ് റദ്ദ് ചെയ്തു. അധികാരത്തിലിരിക്കുമ്പോൾ തെരഞ്ഞെടുപ്പ് നടത്തി. തെരഞ്ഞെടുപ്പിനു തൊട്ടു തലേദിവസം ചിറ്റൂർ പ്രാഥമിക കാർഷിക വികസന ബാങ്കുൾപ്പെടെയുള്ളതിന്റെ ഭരണസമിതി പിരിച്ചുവിട്ടു. എന്തിന്? അവിടെനിന്നുള്ള ഡെലിഗേറ്റ്സ് വോട്ട് ചെയ്യാതിരിക്കാൻ, എന്നാൽ ഗവൺമെന്റിന്റെ എല്ലാ കൈകടത്തലും അവഗണിച്ചുകൊണ്ട് ശ്രീ. ശിവദാസൻ നായരുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. പാനൽ വിജയിച്ചുവന്നു. കാർഷിക വികസന ബാങ്കിന്റെ ജനറൽ ബോഡിയിൽ ഐ.എ.എസ് ഉദ്യോഗസ്ഥനായ മാനേജിംഗ് ഡയറക്ടർ തയ്യാറാക്കി ഭരണ സമിതി അംഗീകരിച്ച ബഡ്ജറ്റും കണക്കും രജിസ്ട്രാറും സർക്കാർ ഉദ്യോഗസ്ഥൻമാരും എതിർത്ത് വോട്ട് ചെയ്തു. ഇത് എവിടെയെങ്കി

LIBRARY ARCHIVES Kerala Legislative Assembly

ലുമുണ്ടോ? ഭരണസമിതി അംഗീകരിച്ച കണക്കുകളെ സംസ്ഥാന സർക്കാരിന്റെ നോമിനികളായ ഉദ്യോഗസ്ഥർ പോയി എതിർത്ത് വോട്ടു ചെയ്തു. എന്തിന്? അട്ടിമറിക്കാൻ. ഭരണസ്തംഭനം എന്നുപറഞ്ഞിട്ട് ആ ബാങ്ക് പിരിച്ചു വിടാൻ. അവിടേയും കാര്യങ്ങൾ നടന്നില്ലെന്നു വന്നപ്പോൾ ഇപ്പോൾ എന്താണ്? അതിനൊരു ഭേദഗതികൊണ്ടുവന്നു. അതിൽ പറയുന്നത് Primary Co-operative Agricultural and Rural Development Bank means a society having its area of operation confined to a revenue taluk എന്നാണ്. Confined to a revenue taluk, ഇന്ന് ഒരു താലൂക്കിൽ ഒരു പ്രാഥമിക കാർഷിക വികസന ബാങ്ക് എന്ന ഒരു നിഷ്ക്കർഷയില്ല. Confined to a revenue taluk. എന്നു വരുമ്പോൾ, ഇന്ന് 43 പ്രാഥമിക കാർഷിക വികസന ബാങ്കുകൾ സംസ്ഥാനത്ത് ഉണ്ട്. അതുപോലെ 62 താലൂക്കുകളുണ്ട്. അങ്ങനെ വരുമ്പോൾ 19 താലൂക്ക് കാർഷിക വികസന ബാങ്കുകൾ രൂപീകരിക്കാം. കാർഷിക വികസന ബാങ്കുകൾ രൂപീകരിക്കുമ്പോൾ ഇന്നത്തെ നിയമമനുസരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾ വേണം. അപ്പെക്സ് സംഘത്തിന്റെ ഭേദഗതിയാണ്. ജില്ലാടിസ്ഥാനത്തിൽ ഡയറക്ടർമാർ വേണം. ആ ഡയറക്ടർമാരെ ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കാനുള്ള അധികാരം ജില്ലയിലെ വോട്ടർമാർക്കാണ്. അതായത് ഒരു ജില്ലയിൽ ഒരു സംഘത്തിലെ ആളുകളുണ്ടെങ്കിൽ ആ സംഘത്തിന്റെ പ്രതിനിധി അപ്പെക്സ് സംഘത്തിലെ നോമിനിയാകും. ഒരു ജില്ലയിൽ അഞ്ചു പേരുണ്ടെങ്കിൽ അവരിൽനിന്നും ഒരാൾ വരും. ഒരു ജില്ലയിൽ ഒരാളുണ്ടെങ്കിൽ വോട്ടറാകും. പ്രതിനിധിയും ഒരാൾ തന്നെയായിരിക്കും. അങ്ങനെ വരുംപോൾ ജില്ലാടിസ്ഥാനത്തിലുള്ള പ്രതിനിധികൾ ചേർന്നുതെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർ ബോർഡ് അംഗങ്ങളില്ലാത്ത അപ്പെക്സ് സംഘങ്ങളുണ്ടെങ്കിൽ ആ അപ്പെക്സ് സംഘം ഈ ആക്ട് നിലവിൽ വരുന്നതോടുകൂടി ഇല്ലാതാകും. ആ സംഘത്തിൽ രജിസ്ട്രാർ അഡ്മിനിസ്ട്രേറ്ററെ നിയമിക്കും. മൂന്നുപേരിൽ കുറയാത്ത അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുണ്ടാകും. അതാണോ സഹകരണ ജനാധിപത്യം? അതുകൊണ്ടാണ് ഞാൻ പറയുന്നത്, ജില്ലാടിസ്ഥാനത്തിൽ, പ്രതിനിധികളെ ജില്ലയിലുള്ള അംഗങ്ങൾ തെരഞ്ഞെടുക്കണം. ഹൗസിംഗ് ഫെഡറേഷനിലും കാർഷിക വികസന ബാങ്കിലും റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനിലും അങ്ങനെ ജില്ലാടിസ്ഥാനത്തിലുള്ള പ്രതിനിധികളല്ല. മറിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള വോട്ടർമാർ ചേർന്നാണ് പ്രതിനിധികളെ തെരഞ്ഞെടുത്തിരിക്കുന്നത്, ജനാധിപത്യവും അതുതന്നെയാണ്. അങ്ങനെ വരുംപോൾ ജില്ലാടിസ്ഥാനത്തിൽ അല്ല തെരഞ്ഞെടുപ്പ് നടന്നിട്ടുള്ളതെന്ന പേരിൽ ഈ സംഘങ്ങളും പിരിച്ചുവിടപ്പെടും. ആ പാനൽ സ്വമേധയാ അധികാരത്തിൽനിന്നും പോകും. അങ്ങനെ വരുമ്പോൾ 19 താലൂക്ക് കാർഷിക വികസന ബാങ്കുകൾ കൂടി പുതിയതായി നിലവിൽ വരും. അങ്ങനെ വന്നാൽ രണ്ടാമത് തെരഞ്ഞെടുപ്പ് നടത്തുമ്പോൾ ഇന്നത്തെ ഭരണസമിതി തിരിച്ച് അധികാരത്തിൽ വരാതിരിക്കാനുള്ള എല്ലാ സാഹചര്യങ്ങളും ഈ ബില്ലിൽ ഒളിച്ചിരിപ്പുണ്ട്. അതാണ്, ദുഷ്ടലാക്കോടുകൂടി, രാഷ്ട്രീയ ദുരുദ്ദേശത്തോടു കൂടി, അങ്ങയുടെ കൈകളെ ബന്ധിച്ചുകൊണ്ട് രാഷ്ട്രീയ നേതൃത്വം ഈ ബില്ലിൽ ചേർത്തിരിക്കുന്നത്. എന്നാൽ ഫെഡറൽ ബാങ്കുകളിൽ ഇത് ഇല്ല. കാരണം ഫെഡറൽ ബാങ്കുകൾ മുഴുവനും സി.പി.ഐ(എം) ന്റെ കൈയിലാണ്. യു.ഡി.എഫ് ന്റെ നേതൃത്വത്തിലുള്ള ബാങ്കുകൾ പിടിച്ചെടുക്കാനുള്ള നിയമമാണ് ഇതിൽ ചേർത്തിരിക്കുന്നത്. ബൈലാ ഭേദഗതി കൊടുത്തതിൽ അപ്പീൽ പ്രൊവിഷനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

He shall be deemed to have been given എന്നില്ല. അവിടെ അപ്പീലിനു പ്രൊവിഷൻ കൊടുത്തിരിക്കുന്നു. ഞങ്ങൾ ഗുജറാത്തിൽ പോയി നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡ് ചെയർമാൻ, ഉദ്യോഗസ്ഥർ ഇവരെയൊക്കെ കണ്ട് ചർച്ച നടത്തി. അവിടെ ജനാധിപത്യം പൂർണ്ണമായും നിലനിൽക്കുന്നു. ഹൈദ്രാബാദിലെ കോ-ഓപ്പറേറ്റീവ് ആക്ടും ജനാധിപത്യവ്യവസ്ഥിതിയിൽ നിലനിൽക്കുന്നു. ഇവിടെ ബൈലാ ഭേദഗതി കൊടുത്തതിൽ deemed to have been given എന്നത് ഒഴിവാക്കി. അതിൽ രജിസ്ട്രാർക്ക്, ഗവൺമെന്റിന് അപ്പീൽപോകും. വിജിലൻസ് ഓഫീസറെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ശരിയാണ് ഡി.ഐ.ജി. മാർ, പോലീസുകാർ എന്നിവർ സഹകരണ സംഘങ്ങളിൽ കയറി തേർവാഴ്ച നടത്തുന്നത് ഒഴിവാക്കണം. ഡി.ഐ.ജി റാങ്കിലുള്ള വിജിലൻസ് ഓഫീസറെ രജിസ്ട്രാറുടെ നിർദ്ദേശത്തിൻ കീഴിൽ പ്രവർത്തിക്കാൻ നിയോഗിച്ചു. അങ്ങയുടെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി കോട്ടയത്തെ ഇളംകുളം സൊസൈറ്റിയുടെ കാര്യം എത്ര പ്രാവശ്യം നിയമസഭയിൽ ഉന്നയിച്ചു? അഴിമതിക്കെതിരെ ആത്മാർത്ഥതയുള്ള ഈ ഗവൺമെന്റ് ഇളംകുളം സർവ്വീസ് സൊസൈറ്റിയുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു? അഴിമതിയെ ഞങ്ങളാരും അനുകൂലിക്കുന്നവരല്ല. പക്ഷേ പോലീസുകാരുടെ തേർവാഴ്ച സഹകരണസംഘങ്ങളിൽ ഉണ്ടാകാൻ പാടില്ല. കാരണം ഗവൺമെന്റിന്റെ ഡെപ്പോസിറ്റുള്ള സംഘങ്ങളല്ല ഇവ. പ്രാദേശിക തലത്തിൽ ഗ്രാമതലത്തിൽ ആളുകളെ കണ്ടുപിടിച്ച് ഷെയർ എടുപ്പിച്ച് അവരുടെ കാല് പിടിച്ച്കൊണ്ടാണ്, അവരുടെ ഷെയർ കൊണ്ടുണ്ടാക്കിയതാണ് ഈ സഹകരണസംഘങ്ങൾ, ഇതിന്റെ പിന്നിൽ വർഷങ്ങളായി ആയിരക്കണക്കിന് ആളുകളുടെ ത്യാഗങ്ങളുണ്ട്. അവരുടെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഈ സംസ്ഥാനത്ത് ഇത്രയും സഹകരണസംഘങ്ങൾ വിജയകരമായി പ്രവർത്തിക്കുന്നത്. ആ സംഘങ്ങളിൽ പ്രവർത്തിക്കുന്നവരൊക്കെ കള്ളൻമാരാണെന്ന സമീപനം ഒരു ഗവൺമെന്റിനും ഭൂഷണമല്ല. അതിൽ കള്ളൻമാരുണ്ടെങ്കിൽ അവരെ കണ്ടുപിടിച്ച് ശിക്ഷിക്കാനുള്ള നിയമങ്ങൾ ഇന്നത്തെ നിയമ വ്യവസ്ഥയിലുണ്ട്. അതിന് ഞങ്ങളാരും എതിരല്ല. കള്ളം ചെയ്യുന്നതിനെ ഞങ്ങൾ അനുകൂലിക്കുന്നില്ല. പക്ഷെ ഈ സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന സഹകാരികളെ മുഴുവൻ, ഇന്ന് തലപ്പത്ത് ഇരിക്കുന്നവർ മുഴുവൻ കള്ളൻമാരാണെന്ന് വരുത്തുന്ന സമീപനം ഒരു ഗവൺമെന്റിനും ഭൂഷണമല്ല, അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇതിൽ ഇരട്ടത്താപ്പ് നയം പാടില്ല, എന്ന്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പറഞ്ഞ കോട്ടയം ഇളംകുളം സർവ്വീസ് സൊസൈറ്റിയിൽ ഒരു നയവും യു.ഡി. എഫിന്റെ നേതൃത്വത്തിലുള്ള സംഘങ്ങളിൽ മറ്റൊരു നയവും പാടില്ല. ഇന്ന് നിങ്ങൾ അധികാരത്തിലിരിക്കുന്നു. നാളെ ഗവൺമെന്റ് മാറും; യാതൊരു സംശയവുമില്ല. അടുത്ത തെരഞ്ഞെടുപ്പിൽ ഇപ്പുറത്തിരിക്കുന്നവർ അധികാരത്തിൽ വരും. അങ്ങനെ അധികാരത്തിൽ വരുമ്പോൾ സഹകരണ രംഗത്ത് കഴിഞ്ഞ കാലത്ത് നടന്ന രീതിയിലുള്ള കയ്യേറ്റവും കടന്നാക്രമണങ്ങളുമുണ്ടാകാൻ പാടില്ല എന്ന അഭിപ്രായക്കാരാണ് ഞങ്ങൾ. അതുണ്ടാകാതിരിക്കാനുള്ള നിയമമാണ് വരേണ്ടത്. സർ, അതുപോലെതന്നെ കൺസോർഷ്യം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു മാറ്റങ്ങൾ ഉൾക്കൊള്ളണമെന്ന്. ശരിയാണ്. മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരു കൺസോർഷ്യമുണ്ടാക്കണം. കൺസോർഷ്യമുണ്ടാക്കുകയാണെങ്കിൽ ഗവൺമെന്റ് ഗാരണ്ടി വേണമെന്നുള്ള ഒരു ഭേദഗതി സെലക്ട് കമ്മിറ്റിയിൽ അംഗീകരിച്ചു. പക്ഷേ എന്താണ് സഹകാരികൾക്കുള്ള പേടി? സഹകാരികൾക്ക് അതിനെക്കുറിച്ച് പേടിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സഹകാരികൾക്ക് എന്താണ് പേടി? ജനകീയാസൂത്രണ പ്രക്രിയയയ്ക്കു വേണ്ടി തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഇന്ന് സഹകരണസ്ഥാപനങ്ങളിൽ കോടിക്കണക്കിന് രൂപയുടെ ഫണ്ടുണ്ട്. ആ ഫണ്ട് ഈ പ്രദേശത്തെ, ആവശ്യപ്പെടുന്ന ആളുകൾക്ക്, വിവിധ വായ്പകളായി കൊടുത്തുകൊണ്ട്, വിജയകരമായി പ്രവർത്തിക്കുന്ന സംഘങ്ങളുണ്ട്. അതിൽ കാണുന്ന കോടിക്കണക്കിന് രൂപ ദുഷ്ടലാക്കോടുകൂടി തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് എടുത്തുകൊടുക്കണമെന്നുപറഞ്ഞാൽ, അതിന്റെ വയബിലിറ്റി നോക്കാതെ, ഏത് സ്കീമിനാണെന്നു നോക്കാതെ എടുത്തുകൊടുക്കുന്നത് എങ്ങനെയാണ്? ഒരു നിബന്ധന വയ്ക്കണം. എന്താണ്? നബാർഡ് എന്താണ് ചെയ്യുന്നത്? നബാർഡ് വായ്പ കൊടുക്കുന്നില്ലേ? നബാർഡ് വായ്പ കൊടുക്കുന്നത് ഏത് പ്രോജക്ടിനാണോ ആ പ്രോജക്ട് പരിശോധിച്ച് അംഗീകരിച്ചാൽ മാത്രമേ വായ്പ കൊടുക്കുകയുള്ളൂ. അതുപോലെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഏത് സംഘത്തിൽനിന്നാണോ വായ്പ കിട്ടേണ്ടത് ആ വായ്പ ഏത് കാര്യത്തിനാണ് ഉദ്ദേശിക്കുന്നതെന്നുള്ള പ്രോജക്ട് റിപ്പോർട്ട് സംഘത്തിന് കൊടുത്തത്, ആ പ്രോജക്ട് റിപ്പോർട്ട് വയബിളാണോയെന്ന് നോക്കി അത് തീരുമാനിക്കാനുള്ള അവകാശം സംഘത്തിന് കൊടുക്കണം. എന്നാൽ മാത്രമേ സംഘത്തിൽ പണം നിക്ഷേപിക്കുന്ന ആളുകളോട് സംഘത്തിനുള്ള ഉത്തരവാദിത്വം നിറവേറ്റാൻ കഴിയൂ. സഹകാരികൾക്ക് ഭയമുണ്ട്. എന്താണ് ജനകീയാസൂത്രണ പണമിടപാട്? ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദൻ പറഞ്ഞല്ലോ രാഷ്ട്രീയം പറയരുതെന്ന്. ജനകീയാസൂത്രണ പണമിടപാട് എ.ജി. പരിശോധിക്കണമെന്നാണ് ഹൈക്കോടതി പറയുന്നത്. ആയിരത്തിൽപ്പരം കോടി രൂപ ചെലവാക്കിയതിനെക്കുറിച്ച് എ.ജി. പരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ സഹകരണ രംഗത്തുള്ള കോടിക്കണക്കിന് രൂപയുടെ നിക്ഷേപം ഗവൺമെന്റ് പറയുന്നതുകൊണ്ട് മാത്രമെടുത്ത് കൊടുത്താൽ.....(നേരത്തേ കാർഷിക വികസന ബാങ്ക് വായ്പ കൊടുത്തു. ഗവൺമെന്റ് ഗ്യാരണ്ടിയോടുകൂടിയാണ് കൊടുത്തത്. ഇപ്പോൾ തിരിച്ച് കിട്ടുന്നില്ല. ട്രിബ്യൂണലിൽ പരാതി കൊടുത്തിട്ട് പരാതി സ്വീകരിക്കുന്നില്ല. ആ സാഹചര്യമാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്. ഗവൺമെന്റ് ഗ്യാരന്റിയിൽ കൊടുത്തിട്ടുപോലും ഇപ്പോൾ തിരിച്ച് കിട്ടുന്നില്ല. ഗവൺമെന്റ് ഗ്യാരന്റിയുടെ മാത്രം മറവിൽ സുരക്ഷിതമായി ജനങ്ങൾ നിക്ഷേപിക്കുന്ന പണമെടുത്ത് സാധാരണക്കാർക്ക് വായ്പ കൊടുക്കാനുള്ള പണം തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൊടുത്താൽ അത് തിരിച്ച് കിട്ടുമെന്ന് ഉറപ്പ്വരണമെന്നുണ്ടെങ്കിൽ അത് തിരിച്ചടയ്ക്കാനുള്ള കഴിവ് ആ സ്ഥാപനത്തിനുണ്ടോയെന്ന് നോക്കാനുള്ള അധികാരം സഹകരണസ്ഥാപനത്തിന് കൊടുക്കണം. അട്ടപ്പാടി സ്കീം അങ്ങ് പരിശോധിക്കണം. അതുപോലെതന്നെ സുഗന്ധഗിരി സ്കീം, ഈ രണ്ട് സ്കീമിനും സംസ്ഥാന കാർഷിക വികസന ബാങ്ക് വായ്പ കൊടുത്തു. ഗവൺമെന്റ് ഗ്യാരന്റിയോടുകൂടിയാണ് കൊടുത്തത്. തിരിച്ചടയ്ക്കുന്നില്ലെന്ന് മാത്രമല്ല, ആർബിട്രേഷൻ കോടതിയിൽ കേസ് കൊടുത്തിട്ട് എടുക്കുന്നുമില്ല. ഇതേ സാഹചര്യമാണ് നാളെ സംസ്ഥാനത്തിലെ കാർഷികവികസന ബാങ്കുകളിൽനിന്ന് കോടികൾ വായ്പ കൊടുത്താൽ സംഭവിക്കുന്നതെങ്കിൽ സംസ്ഥാനത്തിലെ മുഴുവൻ ബാങ്കുകളുടേയും സംഘങ്ങളുടേയും സ്ഥിതി എന്താകും? സഹകാരികൾക്ക് ഉത്ക്കണ്ഠയുണ്ട്. അതുകൊണ്ട് നബാർഡ് ചെയ്യുന്നതുപോലെ അത് പരിശോധിക്കാനുള്ള അധികാരം സംഘങ്ങൾക്ക് കൊടുക്കണം. ഈ ബില്ലിൽ നിരവധി കാര്യങ്ങൾ പറയുന്നു. കോ-ഓപ്പറേറ്റീവ് ബാങ്ക് വെൽഫയർ ഡവല

LIBRARY ARCHIVES Kerala Legislative Assembly

പ്മെന്റ് ഫണ്ട് ഉണ്ടാകണമെന്ന് പറയുന്നുണ്ട്. അതിന് ഞങ്ങൾ എതിരല്ല. അത് സംഘത്തിന്റെ പൈസയെടുത്താകരുത്. ഫണ്ടുണ്ടാക്കണം. ഇന്ന് ധൂർത്തുകൊണ്ട്, നടത്തിപ്പിലെ അപാകതകൊണ്ട് നഷ്ടത്തിലായ ഒരു സംഘത്തിന്, വിജയകരമായ ഫിനാൻഷ്യൽ മാനേജുമെന്റ് നടത്തുന്ന ഒരു സംഘത്തിൽനിന്ന് കാശെടുത്ത് സഹായിച്ചാൽ, സഹായിക്കുന്ന ആ സംഘംകൂടി വെള്ളത്തിലാകും. അതുകൊണ്ട് അങ്ങനെയുള്ള സംഘങ്ങളെ സഹായിക്കണമെന്നുണ്ടെങ്കിൽ ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് ഡവലപ്മെന്റ് ഫണ്ടുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിയമ വകുപ്പുമന്ത്രി, ശ്രീ. ചന്ദ്രശേഖരൻ നായർ ഇവിടെയില്ല. ഭേദഗതി നിയമത്തിൽ ഇല്ലാത്ത ഒരു ഭേദഗതി സെലക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ പേരിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നു. സെലക്ട് കമ്മിറ്റി യോഗത്തിൽ ഞാൻ അതിനെ എതിർത്തതാണ്. അതിൽ പറഞ്ഞിരിക്കുന്നത്, ഒരു സംഘത്തിൽ മിസ്അപ്രോപ്രിയേഷനുണ്ടായാൽ ആ സംഘത്തിലെ ഏത് ഓഫീസറെക്കുറിച്ചും രജിസ്ട്രാർക്ക് അന്വേഷിക്കാം എന്നാണ്. അതിന് ഇന്ന് നിയമമുണ്ട്. പക്ഷേ അങ്ങനെ അന്വേഷിച്ചാൽ, പ്രാഥമിക അന്വേഷണത്തിൽ വീഴ്ചയുണ്ടെന്ന് കണ്ടാൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കണമെന്ന് രജിസ്ട്രാർക്ക് ആ സംഘത്തോട് ആവശ്യപ്പെടാം. ഒരാഴ്ചയ്ക്കകം നടപടിയെടുത്തില്ലെങ്കിൽ രജിസ്ട്രാർക്ക് നേരിട്ട് നടപടിയെടുക്കാമെന്ന് ഈ നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇത് സഹകരണ നിയമത്തിന് മാത്രമല്ല, ഏത് നിയമത്തിനും വിരുദ്ധമാണ്. അപ്പോയിന്റിംഗ് അതോറിറ്റി ചെയ്യേണ്ട ഒരു കാര്യം രജിസ്ട്രാർ ചെയ്യണമെന്ന് ഡയറക്ഷൻ കൊടുത്താൽ ആ സംഘം ചെയ്തില്ലെങ്കിൽ അതിന്റെ പേരിൽ ആ സംഘത്തെ പിരിച്ചുവിടണം. ഞങ്ങൾ പറഞ്ഞത് സസ്പെന്റ്ചെയ്ത് നിറുത്തിക്കൊണ്ട് അന്വേഷണം പാടില്ലെന്നാണ്. ഒന്നോ രണ്ടോ ഉദ്യോഗസ്ഥർ അഴിമതി കാണിച്ചു, വിജിലൻസ് അന്വേഷണത്തിലോ മറ്റ് അന്വേഷണത്തിലോ കുറ്റക്കാരാണെന്ന് തെളിയുന്നു, രജിസ്ട്രാർ ഡയറക്ഷൻ കൊടുക്കുന്നു സസ്പെന്റ് ചെയ്യാൻ. ആ സംഘം അഴിമതി ചെയ്യുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നു. ആ സംഘത്തെ പിരിച്ചുവിടണം. അതിനെ പിരിച്ചുവിടുകയല്ലാതെ സസ്പെന്റ്ചെയ്യാൻ പാടില്ല. ആ ഭരണസമിതിയെ മറികടന്നുകൊണ്ട് രജിസ്ട്രാർ ഉദ്യോഗസ്ഥരെ സസ്പെന്റ്ചെയ്യാൻ പാടില്ല. അതാണ് എനിക്ക് ഉന്നയിക്കാനുള്ള ഒന്നാമത്തെ കാര്യം. അത് അങ്ങ് പരിശോധിക്കേണ്ടതാണ്. അങ്ങനെ രണ്ടോ മൂന്നോ ഉദ്യോഗസ്ഥർ പിരിഞ്ഞുപോകുന്നതിന്റെ ഫലമായി ആ സംഘത്തിൽ ഭരണപരമായ എന്തെങ്കിലും പ്രതിസന്ധിയുണ്ടായാൽ ആ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ രജിസ്ട്രാർക്ക് അധികാരം നൽകുന്നതിലും മാറ്റംവരുത്തണം. അങ്ങനെ രജിസ്ട്രാർക്ക് ഒരു സംഘത്തിൽ നേരിട്ട്, ഭരണസമിതിയെ മറികടന്നുകൊണ്ട് അധികാരം കൊടുക്കാൻ പാടില്ല. അതാണ് ഞാൻ പറഞ്ഞത്, ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ഉദ്യോഗസ്ഥർ അങ്ങയെ തെറ്റിദ്ധരിപ്പിച്ചു, അല്ലെങ്കിൽ അവരുടെ സമ്മർദ്ദത്തന്റെ ഫലമായി ഈ വകുപ്പ് ചേർത്തിരിക്കുന്നു; അങ്ങനെ ഭരണപരമായ പ്രതിസന്ധിയുണ്ടായാൽ അത് പരിഹരിക്കാൻ കെൽപ്പുള്ള, പ്രാപ്തിയുള്ള സംഘങ്ങളാണ് ഈ സംസ്ഥാനത്തുള്ളത്. ശ്രീ. ആനത്തലവട്ടം ആനന്ദൻ വൈസ് ചെയർമാനായിട്ടുള്ള കയർ ബോർഡ് ആയിരുന്നാലും മറ്റ് സഹകാരികൾ ഭരണസമിതി അംഗങ്ങളായിട്ടുള്ള ഭരണസമിതികളായിരുന്നാലും അങ്ങനെ ഒരു പ്രതിസന്ധിയുണ്ടായാൽ പുതിയ സെക്രട്ടറിയെ നിയമിക്കണമെങ്കിലും പുതിയ അസിസ്റ്റന്റ് സെക്രട്ടറിമാരെ നിയമിക്കണമെങ്കിലും ആ

LIBRARY ARCHIVES Kerala Legislative Assembly

സംഘത്തിന് ഇന്ന് പ്രാപ്തിയുണ്ട്. ആ സംഘത്തിന്റെ ഭരണസമിതിയെ മറികടന്നുകൊണ്ട് രജിസ്ട്രാർക്ക് അമിതാധികാരം കൊടുക്കാൻ പാടില്ല.

ശ്രീ. ജി. സുധാകരൻ : സർ, സഹകരണസംഘം ഭേദഗതി നിയമത്തിലടക്കം പറഞ്ഞിരിക്കുന്നത്, സഹകരണസംഘത്തിലെ ഒരു ഉദ്യോഗസ്ഥൻ തെറ്റ് ചെയ്താൽ ആ സഹകരണസംഘത്തിന്റെ ഭരണസമിതി നടപടിയെടുക്കണമെന്നാണ്. നടപടിയെടുത്തില്ലെങ്കിൽ മാത്രമാണ് രജിസ്ട്രാറോ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥനോ ഇടപെടുന്നത്. ഭേദഗതി അങ്ങനെയായിരിക്കെ തെറ്റായ തരത്തിൽ ഭരണസമിതിയെ മറികടക്കുന്നുവെന്ന് അങ്ങ് പറയുന്നത് ഓർഡറിലാണോ?

ശ്രീ. ബി. വിജയകുമാർ : സർ, ബഹുമാനപ്പെട്ട സുധാകരൻ പറഞ്ഞത് ശരിയാണ്. ഒരു സംഘം നടപടിയെടുത്തില്ലെങ്കിൽ രജിസ്ട്രാർ നേരിട്ട് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യണമെന്നാണ് സെലക്ട് കമ്മിറ്റിയുടെ നിയമം. ഞാൻ പറയുന്നത് അങ്ങനെയല്ല. ഒരു സംഘം രജിസ്ട്രാറുടെ ഡയറക്ഷൻ അനുസരിച്ചില്ലെങ്കിൽ ആ സംഘത്തിന്റെ പേരിൽ നടപടിയെടുക്കണം. ഉദ്യോഗസ്ഥനെതിരായിട്ടല്ല രജിസ്ട്രാർ നടപടിയെടുക്കേണ്ടത്, ആ സംഘത്തിന്റെ പേരിലാണ്. രജിസ്ട്രാറുടെ ഡയറക്ഷൻ അംഗീകരിക്കാത്ത സംഘം നിലനിൽക്കുകയില്ല; സംശയംവേണ്ട. ഇന്ന് അതിന് നിയമമുണ്ട്. നാളെ കൂടുതൽ കർശനമാക്കണമെങ്കിൽ കർശനമാക്കണം. നിയമം അനുസരിക്കാത്ത സംഘത്തെ പിരിച്ചുവിടേണ്ടിവന്നാൽ പിരിച്ചുവിടണം. അതായത് ഡയറക്ഷൻ അനുസരിക്കാത്ത ഉദ്യോഗസ്ഥനെ, അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരെ സംരക്ഷിക്കാൻ ഏതെങ്കിലും ഭരണസമിതി തയ്യാറായാൽ ആ സംഘത്തെ പിരിച്ചുവിടണം. മറിച്ച് സഹകരണരംഗത്ത് നിലനിൽക്കുന്ന ജനാധിപത്യവ്യവസ്ഥിതിയെ മറികടന്നുകൊണ്ട് അവിടെ ഉദ്യോഗസ്ഥൻമാരെ മാറ്റാനും നിയമിക്കാനും രജിസ്ട്രാർക്ക് അധികാരം കൊടുക്കരുത്. അത് നിയമത്തിന് വിരുദ്ധമാണ്. അത് കോടതിയിൽ പോയാൽ അവിടേയും നിലനിൽക്കുകയില്ല; സംശയം വേണ്ട.

ശ്രീ. എ. കണാരൻ : സർ, ഡയറക്ടർ ബോർഡ് നടപടിയെടുത്തില്ലെങ്കിൽ ആ നടപടിയുടെമേൽ രജിസ്ട്രാർക്ക് അധികാരംവേണ്ടേ? അത് അങ്ങ് അംഗീകരിക്കുന്നുണ്ടോ? ഡയറക്ടർ ബോർഡ് ആ ഉദ്യോഗസ്ഥന്റെപേരിൽ നടപടിയെടുത്തില്ലെങ്കിൽ അതിൽ ഉദ്യോഗസ്ഥൻ ഇടപെടുന്നതിന് അങ്ങേയ്ക്ക് എതിർപ്പില്ലല്ലോ?

ശ്രീ. ബി. വിജയകുമാർ : ഇടപെടുന്നതിൽ എതിർപ്പില്ല. പക്ഷേ ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കാൻ പാടില്ല, ഭരണസമിതിയുടെ മേൽ നടപടി എടുക്കണം. അതിനുവേണ്ടി ഒരു ഏർപ്പാടുണ്ടാക്കാൻ പാടില്ല. It is self-reliant Co-operatives Act. ഇതാണ് ആന്ധ്രായിൽ സഹകരണ രംഗത്ത് കൂടുതൽ ജനാധിപത്യ വ്യവസ്ഥ നടപ്പിൽ വരുത്താൻവേണ്ടി അവിടത്തെ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന നിയമം. അതിന്റെ കോപ്പി ബഹുമാനപ്പെട്ട മന്ത്രിയുടെ കൈയിലുണ്ട്. അതിന്റെ പ്രിയാമ്പിളും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രി വായിച്ചുനോക്കണം. സമയമില്ലാത്തതുകൊണ്ട് ഞാൻ അത് പറയുന്നില്ല. Report of the Committee on Model Co-operatives Act. ഇത് പ്ലാനിംഗ് കമ്മീഷൻ, ഗവൺമെന്റ് ഓഫ് ഇൻഡ്യ അംഗീകരിച്ച മോഡൽ ആക്ടാണ്. ആ സെൻട്രൽ മോഡൽ ആക്ടിൽ എന്തു പറയുന്നുവെന്നു നോക്കണം. ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതി നിയമത്തിലും ഗവൺമെന്റ് ഓഫ് ഇൻഡ്യ അംഗീകരിച്ച മോഡൽ ആക്ടിലും

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് ഉണ്ടായിരുന്നതെന്നു നോക്കിയാൽ നമുക്ക് മനസ്സിലാകും. അതു പോലെതന്നെ ഒരു കാര്യം. ഏതെങ്കിലും അപ്പെക്സ് സംഘത്തിൽ ഹരിജൻ/വനിത പ്രതിനിധി ഇല്ലെങ്കിൽ അങ്ങനെയുള്ള അംഗങ്ങളെ ഗവൺമെന്റിന് നോമിനേറ്റ് ചെയ്യാമെന്നു പറഞ്ഞിരിക്കുന്നു. Central Multi Co-operative Act- ൽ പറഞ്ഞിരിക്കുന്നത്, ബോർഡ് നോമിനേറ്റ് ചെയ്യണം എന്നാണ്. അർബൻ ബാങ്കിനെക്കുറിച്ച് ഒന്ന് രണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് അവസാനിപ്പിക്കാം. അർബൻ ബാങ്ക് സംസ്ഥാന മാനേജ്മെന്റിന്റെ ആളാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു പ്രത്യേക ഡെഫനിഷൻ ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നു. അതിനൊരു ചെറിയ ഭേദഗതി വേണം. Urban Bank means a society. അർബൻ ബാങ്ക് ചിട്ടി നടത്തുന്നില്ല. പ്രൈമറി സൊസൈറ്റികൾ നടത്തുന്ന ഒരു ബിസിനസും നടത്തുന്നില്ല. നടത്തുന്നത് അങ്ങ് ആമുഖ പ്രസംഗത്തിൽ പറഞ്ഞതുമാതിരി ബാങ്കിംഗ് ബിസിനസ് മാത്രമാണ്; മറ്റൊരു ബിസിനസും നടത്താൻ പാടില്ല. ഞങ്ങൾ പലിശ കൊടുക്കുന്നതും വാങ്ങുന്നതും റിസർവ് ബാങ്കിന്റ കാലാകാലങ്ങളിലുള്ള ഡയറക്ഷൻ അനുസരിച്ചാണ്. അതുകൊണ്ട് Urban Bank means a society എന്നുള്ളത് മാറ്റി Urban Bank means a bank registered under the Societies Act എന്ന് ഭേദഗതി ചെയ്യണം. രണ്ട്, ബാങ്കുകൾ വായ്പ കൊടുക്കുന്നു, ആ വായ്പ തിരിച്ച് അടയ്ക്കാതിരുന്നാൽ വായ്പ കൊടുക്കുന്നതിന് ജാമ്യം നിൽക്കുന്ന ഉദ്യോഗസ്ഥനിൽനിന്നും റിക്കവറി ആയാൽ തിരിച്ചടച്ചില്ലെങ്കിൽ 500 രൂപവരെയുള്ള ശിക്ഷ നൽകാൻ മൂലനിയമത്തിൽ 94-ാം സെക്ഷനിൽ വകുപ്പുണ്ട്. അത് നമ്മുടെ ഭേദഗതിയിൽ 5000 രൂപയായി വർദ്ധിപ്പിച്ചു. ഒരു ഉദ്യോഗസ്ഥൻ ജാമ്യം നിന്നാൽ വായ്പ എടുത്ത ആൾ രൂപ അടയ്ക്കാതെ വന്നാൽ ജാമ്യക്കാരന്റെ കൈയിൽനിന്നും ശമ്പളം പിടിച്ചെടുക്കുന്നതിന്, പിടിച്ചെടുത്താൽ അടക്കാതിരുന്നാൽ 5000 രൂപ വരെ ശിക്ഷ വിധിക്കാമെന്ന് ഇതിൽ പറയുന്നു. പക്ഷേ ആരാണ് ശിക്ഷിക്കുന്നത് എന്ന് ഈ നിയമത്തിലില്ല. അത് മാത്രമല്ല സെക്ഷൻ 95-ൽ പറയുന്നത്, ഓരോ കേസ്സിലും രജിസ്ട്രാറുടെ അനുവാദം വാങ്ങണം എന്നാണ്. ഇങ്ങനെ ഓരോ സംഘവും ഓരോ കേസ്സിലും രജിസ്ട്രാറുടെ അനുവാദത്തിന് പോകാൻ പാടില്ല. അതുകൊണ്ട് 5000 രൂപയായി വർദ്ധിപ്പിച്ച ശിക്ഷയെ സംബന്ധിച്ച് പരാതി കൊടുക്കേണ്ടത് കോടതിയിലാണെന്ന ഒരു ക്ലാസ് കൂടി എഴുതിച്ചേർക്കണം. അത് അങ്ങ് പരിശോധിക്കണം, അമെന്റുമെന്റ് കൊടുത്തിട്ടുണ്ട് എന്നുമാത്രം പറയുന്നു. അവസാനമായി ഇതിന് ഒരു വകുപ്പുകൂടിയേ ഇടതുമുന്നണി ഗവൺമെന്റിന് ചേർക്കാനുള്ളൂ. ഒരു വകുപ്പുകൂടി ചേർത്താൽ ഇത് സഹകരണ ജനാധിപത്യത്തിന്റെ കശാപ്പാകും. അത് എന്താണെന്ന് അറിയാമോ? ഇപ്പോൾ ഇതിനകത്ത് 'സഹകാരി' എന്നുള്ളതിന് ഡെഫനിഷനില്ല. ആ ഡെഫനിഷൻ കൂടി ചേർക്കണം. 'സഹകാരി' എന്നാൽ 'സഹകരണരംഗത്ത് ജനാധിപത്യത്തെ കശാപ്പു ചെയ്യുന്നതും തേർവാഴ്ച നടത്തുന്നതുമായ സഹകരണ ഉദ്യോഗസ്ഥൻമാർ എന്ന് അർത്ഥമാകുന്നു' ഉദ്യോഗസ്ഥൻമാരാണ് ഇപ്പോൾ സഹകാരികൾ, അവർ പറയുന്നതും അവർ നിർബന്ധിച്ചതുമായ കാര്യങ്ങൾ മാത്രമേ ഈ ബില്ലിലുള്ളൂ. മന്ത്രിപോലും അവർക്ക് വഴങ്ങിക്കൊടുക്കുന്ന രീതിയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഉദ്യോഗസ്ഥൻമാരുടെ അടിമത്വത്തിൽ നിന്നും സഹകരണരംഗത്തെ മോചിപ്പിക്കണമെന്ന് ഞങ്ങൾ എല്ലാ കാലത്തും ആവശ്യപ്പെടുന്നുവെങ്കിലും 1969-ന്ശേഷം കൊണ്ടുവന്ന ഈ ഭേദഗതി നിയമം കൂടുതലായി ഉദ്യോഗസ്ഥൻമാരുടെ പിടിയിലേക്ക് സഹകരണ സംഘങ്ങളെ കൊണ്ടു കൊടുക്കുന്നതാണ്. അതുകൊണ്ട് 'സഹകാരി' എന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന് ഈ ഡെഫനിഷൻകൂടി ചേർത്താൽ ഈ ബിൽ പൂർണ്ണമാകും. അങ്ങയുടെ കൈകൊണ്ട് അവർ അതും ചെയ്യിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

<u>ശ്രീ. പാലോട് രവി</u> : സർ, മൺമറഞ്ഞുപോയ മഹാരഥൻമാരായ കെ. ആർ. ഇലങ്കത്ത്, ജി. ചന്ദ്രശേഖരപിള്ള നമ്മുടെ സഭയിൽ ദീർഘകാലമുണ്ടായിരുന്ന പി. രവീന്ദ്രൻ എന്നിവരുടെയൊക്കെ ആത്മാക്കൾ ഈ സഭാന്തരീക്ഷത്തിലുണ്ടാകുമെന്നാണ് എനിക്കു തോന്നുന്നത്. അങ്ങനെയാണെങ്കിൽ *(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. വിശ്വൻ)* ഈ ബിൽ ഇത്തരത്തിൽ പാസ്സാക്കരുത്, മറ്റൊന്നുംകൊണ്ടല്ല, ഇൻഡ്യൻ സഹകരണ പ്രസ്ഥാനത്തിന് നേതൃത്വം നൽകാൻ പ്രാപ്തമായ കേരളത്തിലെ സഹകരണ മേഖല ഇന്ന് പടർന്ന് പന്തലിച്ചുനിൽക്കുന്ന ഒരു വലിയ വടവൃക്ഷമാണ്. ഇത് നമ്മുടെ ആരുടേയും സംഭാവനയല്ല, കേരളത്തിലെ ഒരു ഗവൺമെന്റിന്റേയും സംഭാവനയല്ല. കേരളത്തിലെ സമ്പദ്ഘടനയിൽ സഹകരണ പ്രസ്ഥാനം വളരെ സുപ്രധാനമായ പങ്ക് വഹിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങയുടെ കൽപ്പറ്റ പ്രസംഗം അങ്ങ് ഓർക്കുകയാണെങ്കിൽ മനസ്സിലാകും. കാരണം ഇന്ന് ശമ്പളം പോലും നമ്മളിൽ നിന്ന് പണമെടുത്താണ് കൊടുക്കുന്നത്, ആയിരക്കണക്കിന് കോടിരൂപ അല്ലെങ്കിൽ നൂറു കണക്കിന് കോടി രൂപ, ഇത് നമ്മുടെ ഒരു ഗവൺമെന്റിന്റേയും ബഡ്ജറ്റിന്റെ സംഭാവനയല്ല. ഇത് നമ്മൾ നശിപ്പിക്കരുതെന്നാണ് ആദ്യമായി അതിനെക്കുറിച്ച് പറയാനുള്ളത്. സഹകരണസംഘങ്ങളെ സ്വയംഭരണ ജനാധിപത്യസ്ഥാപനങ്ങളായി പുനഃസംഘടിപ്പിക്കുക എന്നതാണ് ഈ ഭേദഗതി ബില്ലിന്റെ ഉദ്ദേശമെങ്കിൽ, അതിനുവേണ്ടിയാണ് ഈ ഇരുപത്തിയെട്ടോളം ഭേദഗതികൾ കൊണ്ടുവന്നതെങ്കിൽ, ഗവൺമെന്റിന്റെ ആഗ്രഹം സദുദ്ദേശപരമായിരുന്നുഎന്ന് വിശ്വസിച്ചിട്ടാണ് പ്രതിപക്ഷ മെമ്പർമാർ ആദ്യാവസാനം അങ്ങയോട് സഹകരിച്ചത്. അങ്ങ് ചില വേലകളൊക്കെ കാണിച്ചു, ഞങ്ങളും അങ്ങയോട് പൂർണ്ണമായി സഹകരിച്ചു. സഹകരണ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശങ്ങളേയും ജനാധിപത്യ സ്വഭാവത്തേയും തകർക്കുന്ന നിരവധി വകുപ്പുകൾ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്ന സന്ദർഭത്തിൽ ഉണ്ടായിരുന്നു. അതുകൊണ്ടാണ് ഇത് പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. അങ്ങ്തന്നെ കുറേ മാറ്റം വരുത്തി. അതിന് ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. തുറന്ന മനസ്സോടെ അങ്ങ് തന്നെ ഇത് കുറേ മാറ്റി. സെലക്ട് കമ്മിറ്റി തെളിവെടുപ്പിൽ നിർഭാഗ്യവശാൽ ഏറ്റവുമൊടുവിൽ സഹകരണമന്ത്രിയുടെ പാർട്ടി സ്വീകരിച്ച ചില രാഷ്ട്രീയപ്രേരിത നിലപാടുകൾമൂലമെന്നുതന്നെ ഞാൻ പറയുന്നു ആദ്യതീരുമാനം അങ്ങനെ ആയിരുന്നില്ല. അങ്ങേയ്ക്ക് തുറന്ന മനസ്സായിരുന്നു. അവസാനം അങ്ങയുടെ പാർട്ടി എടുത്ത ചില നിലപാടുകൾമൂലം ഈ ബില്ലിലെ Section 8A, Section 20, Section 28A(1), Proviso to Section 28A(1), Section 28A (2)&(3), Section 32, Section 66B, Section 68A(1) ..... ഞാൻ അത് ഓരോന്നും സമയക്കുറവ്കൊണ്ട് വിശദീകരിക്കുന്നില്ല; ഞാൻ അതിലേയ്ക്ക് വരാൻപോകുകയാണ്. ഈ വകുപ്പുകൾ നിലനിന്നാൽ അത് സഹകരണ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശത്തേയും സഹകരണ ജനാധിപത്യത്തേയും കശാപ്പു ചെയ്യുന്ന ബില്ലാകും ആ രൂപമാറ്റമുണ്ടാകും. കുറേ മാറ്റങ്ങൾ വരുത്തി. ഞാൻ ഓരോ വരിയുടേയും വിശദാംശങ്ങൾ പറയാം. Section 8A, Section 20, Section 28A(1), Proviso to Section 28A(1), Section 28A(2) & (3), Section 32, Section 66B, Section 68A(1) ഇവയിലാണ് ജനാധിപത്യ സ്വഭാവത്തിൽ മാറ്റം വരുത്തിയിരിക്കുന്നത്. അതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ ഇത്തരത്തിൽ ഡിസന്റിംഗ് നോട്ട് എഴുതിയത്. അങ്ങനെ ഡിസന്റിംഗ് നോട്ട് എഴുതിയപ്പോൾ അങ്ങ് ചില തമാശകൾ പറഞ്ഞു. ഈ ഡിസന്റിംഗ് നോട്ട് എഴുതിയില്ലെങ്കിൽ ഇതൊരു നിയമസഭയാണോ? അങ്ങ് ഇപ്പോൾ ഭരണത്തിന്റെ ഭാഗമാണ്. അങ്ങ് മന്ത്രിയാണ്, അങ്ങയുടെകൂടെ കുറേ ഐ.എ.എസ്-കാരുമൊക്കെയുണ്ട്, നിയമമുണ്ട്, നിയമ വകുപ്പുണ്ട്. ഈ നാട്ടിൽ ഞങ്ങളുടെ ചുറ്റും ജനങ്ങളുണ്ട്. അങ്ങയുടെ കൂടെ ഉദ്യോഗസ്ഥൻമാരും, നിയമവകുപ്പും-കാലാകാലങ്ങളിൽ ചിതൽ തിന്നിരിക്കുന്ന ഒട്ടനവധി വകുപ്പുകൾ-ഇന്നും അലമാരിയിൽ സൂക്ഷിച്ചിരിക്കുന്ന നിയമനിർമ്മാണങ്ങളുണ്ടാക്കിയ കുറേ ഉദ്യോഗസ്ഥൻമാരും ചില ഐ.എ.എസ്-കാരും ഉണ്ട്. സഹകരണ ഉദ്യോഗസ്ഥർ രാക്ഷസൻമാരാണെന്നൊന്നും ഞാൻ പറയുന്നില്ല. നിങ്ങളുടെ കൂടെ ഉദ്യോഗസ്ഥരാണെങ്കിൽ കുറേ ജനങ്ങൾ ഞങ്ങളുടെ കൂടെയുള്ളതുകൊണ്ടാണ് സെലക്ട് കമ്മിറ്റിയിൽ ഞങ്ങൾ ചില അഭിപ്രായങ്ങൾ പറഞ്ഞത്. രണ്ട്മൂന്ന് കാര്യങ്ങൾ ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ഒന്ന്, സഹകരണ പ്രസ്ഥാനത്തിന്റെ നിലനിൽപ്പിനെക്കുറിച്ചാണ്. ഇത് രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടിയല്ലയെന്നതാണ് അങ്ങയുടെ സമീപനമെങ്കിൽ ജനകീയ പ്രസ്ഥാനത്തെ ബാധിക്കുന്ന വളരെ സുപ്രധാനമായ ചില വിയോജനക്കുറിപ്പുകൾ ഞങ്ങൾ ഇതിനകത്ത് എഴുതിയിട്ടുണ്ട്.

[1 PM] അങ്ങ് ഇക്കാര്യം ഗൗരവമായി കാണണം, ഞങ്ങൾ ആക്ടീവ് മെമ്പർഷിപ്പിനെക്കുറിച്ചു പറഞ്ഞു, അതായത്, 16(4) 4. ആക്ടീവ് മെമ്പർഷിപ്പിനെക്കുറിച്ച് ഞങ്ങൾ മാത്രമാണോ സെലക്ട് കമ്മിറ്റിയിൽ പറഞ്ഞത്? ആദരണീയനായ കണാരേട്ടൻ പറഞ്ഞില്ലേ; അപ്പുറത്തിരിക്കുന്നവർ മുഴുവനും പറഞ്ഞില്ലേ? ഏകകണ്ഠമായി ആക്ടീവ് മെമ്പർഷിപ്പിനെതിരായി ഒരു കൺസെൻസസ് വന്നപ്പോൾ അങ്ങ് എന്തേ ആക്ടീവ് മെമ്പർഷിപ്പിൽ ഉറച്ചുനിൽക്കുന്നു? അതിനകത്തുണ്ടായിരുന്ന എല്ലാപേരും ഏകകണ്ഠമായി ആക്ടീവ് മെമ്പർഷിപ്പിനെ എതിർത്തില്ലേ? അങ്ങ് ആക്ടീവ് മെമ്പർഷിപ്പ് വീണ്ടും കൊണ്ടുവന്നിരിക്കുന്നു. ഒരു പന്തിയിൽ രണ്ട് വിളമ്പ്, അത് സോഷ്യലിസമാണോ, കമ്മ്യൂണിസമാണോ? എല്ലാവർക്കും അംഗത്വം, പക്ഷേ ആക്ടീവ് മെമ്പർഷിപ്പ്, ഒന്നാം തരം പൗരൻ, രണ്ടാം തരം പൗരൻ, ഞങ്ങൾ എല്ലാപേരും എതിർത്തു. പക്ഷേ ഇപ്പോഴും ബില്ലിൽ അത് ഉണ്ട്. അടുത്തത്, 80 (ബി) എക്സാമിനേഷൻ ബോർഡ്, ഞങ്ങൾ അതിനകത്ത് വേറൊന്നും പറഞ്ഞില്ല. എന്താണ് ഇയാളുടെ ക്വാളിഫിക്കേഷൻ? അത് മാത്രമല്ലേ പറഞ്ഞുള്ളൂ. ക്വാളിഫിക്കേഷൻ എന്താണ്? നാലാമത് ഞങ്ങൾ പറഞ്ഞത് അങ്ങ് ഓർമ്മിക്കുമായിരിക്കും, നിയമനങ്ങളിൽ സംവരണമുണ്ടാകുമോ? എക്സാമിനേഷൻ ബോർഡ് വരുമ്പോൾ എങ്ങനെയായിരിക്കും എന്ന് ചോദിച്ചതാണ്. എക്സാമിനേഷൻ ബോർഡ് വരുന്നു, റിക്രൂട്ട്മെന്റ് ബോർഡ് വരുന്നു. ഇതൊക്കെ വന്ന് കേരളത്തിലെ ആയിരക്കണക്കിന് ആളുകളെ നിയമിക്കുമ്പോൾ സംവരണത്തെക്കുറിച്ച് ബില്ലിൽ ഒരഭിപ്രായവും ഇല്ലാത്തതുകൊണ്ട് ഞങ്ങൾ അത് വിയോജനക്കുറിപ്പിൽ രേഖപ്പെടുത്തി. സെലക്ട് കമ്മിറ്റി തെളിവെടുപ്പിൽ നിർഭാഗ്യവശാൽ The Co-operative Development and Welfare Fund should be administered by the District Co-operative Banks and the Deposit Guarantee Scheme and the Consortium Lending Scheme should be made responsible to the Apex Bank.

ഈ മാറ്റം വേണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു, ബില്ലിൽ ആ മാറ്റം ഉണ്ടാക്കിയിട്ടില്ല. അപ്പെക്സ് സംഘങ്ങൾ സംബന്ധിച്ചാകുമ്പോൾ അതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

അറിയാം. കുറേയൊക്കെ ലാഭവിഹിതമുള്ളതാണ്. അത് നമ്മൾ സ്വീകരിച്ചില്ല. സംഘങ്ങളുടെ നിലനിൽപ്പിന് മാറ്റം ആവശ്യമാണ്, അല്ലെങ്കിൽ ഓരോരുത്തർക്ക് തോന്നുന്നതുപോലെ എഴുതും. ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ കരകുളം സർവ്വീസ് സഹകരണ ബാങ്കിനെക്കുറിച്ച് അങ്ങയോട് ചോദ്യം ചോദിച്ചിരുന്നു. സർവ്വീസ് സഹകരണബാങ്കിന് വാരിക്കോരി ഷെയർ കൊടുക്കുകയാണ്. ഞാൻ ചോദ്യം ചോദിച്ചു. അങ്ങ് ഉത്തരവും തന്നിട്ടുണ്ട്. ഈ ബില്ലിൽ ആർബിട്രേഷൻ കോർട്ടിന്റെ ക്വാളിഫിക്കേഷനും മെത്തേഡ് ഓഫ് അപ്പോയിന്റ്മെന്റും സ്പെസിഫൈ ചെയ്തിട്ടില്ല. ഞങ്ങൾ അത് ആവശ്യപ്പെട്ടു, അത് വേണം, ഞങ്ങൾ ഡിസന്റ് എഴുതണ്ടേ? അത് ആവശ്യമല്ലേ? ആർബിട്രേഷൻ കോർട്ടിനെ സംബന്ധിച്ചിടത്തോളം അത്തരത്തിൽ ഒരു ക്വാളിഫിക്കേഷനും മെതേഡ് ഓഫ് അപ്പോയിന്റ്മെന്റും വേണമെന്ന് ഇപ്പുറത്തിരിക്കുന്ന പ്രതിപക്ഷ മെമ്പർമാർ ആവശ്യപ്പെടേണ്ടേ? അതുപോലെ എസ്.സി/എസ്.ടി കാരുടെ അപ്പെക്സ് സംഘങ്ങളിലെ നോമിനേഷൻ ഞങ്ങൾ ശക്തിയായി എതിർത്തതാണ്. ഏതെങ്കിലും ഒരു അപ്പെക്സ് സംഘത്തിൽ എസ്.സി/എസ്.ടി.യെ നോമിനേറ്റ് ചെയ്യാനുള്ള പ്രൊവിഷൻ വച്ചാൽ ആരെങ്കിലും തെരഞ്ഞെടുപ്പ് നടത്തുമോ? ഞാൻ വളരെ വാശിയോടെ അക്കാര്യം കമ്മിറ്റിയിൽ ചോദിച്ചിരുന്നു. ഈ പ്രൊവിഷൻ എഴുതിവച്ചാൽ ആരെങ്കിലും മത്സരിച്ച് ജയിക്കുമോ? എസ്.സി./എസ്.ടി.യെ നോമിനേറ്റ് ചെയ്യരുത്, അവർ മത്സരിച്ചുതന്നെ വരണം. ഈ പ്രൊവിഷൻ ഉണ്ടാക്കി വച്ചാൽ ഈ ഗവൺമെന്റ് ഉണ്ടാക്കി വയ്ക്കുന്ന ഏറ്റവും വലിയ കളങ്കമായിരിക്കും അത്. ഒരു എസ്.സി/എസ്.ടിക്ക് മത്സരിച്ച് ജയിച്ചുവരാൻ പറ്റില്ല; ഒരു എസ്.സി /എസ്.ടി.യെ സ്ഥാനാർത്ഥിയാക്കണമെന്നില്ല, അത് അങ്ങ് ഓർമ്മിക്കണം. ഒരു എസ്.സി/എസ്.ടി.യും മത്സരിച്ച് ജയിച്ചുവരികയില്ല, എല്ലാപേരേയും നോമിനേറ്റ് ചെയ്താൽ മതിയല്ലോ. മത്സരരംഗത്തുനിന്നും എസ്.സി./എസ്.ടി.യെ പൂർണ്ണമായി ഒഴിവാക്കുന്നു. കേരളത്തിലെ അപ്പെക്സ് സംഘങ്ങളിൽ എസ്.സി/എസ്.ടി.ക്ക് മാത്രമല്ല വനിതകൾക്കും നിങ്ങൾ ഈ പ്രൊവിഷൻ കൊടുത്താൽ.... അങ്ങ് ഇതിനെക്കുറിച്ച് ആലോചിക്കണം. അങ്ങ് ഇതിനോട് യോജിക്കുമോ? എസ്.സി./എസ്.ടി. വിഭാഗക്കാർ മത്സരിക്കേണ്ട എന്നാണ് ബില്ലിൽ എഴുതി വച്ചിരിക്കുന്നത്. ഏതെങ്കിലും ഒരു അപ്പെക്സ് സംഘത്തിൽ എസ്.സി./എസ്.ടി. വിഭാഗക്കാർ വന്നില്ലെങ്കിൽ എല്ലാവരും അതുതന്നെ സ്വീകരിക്കും. പിന്നെ മത്സരിപ്പിക്കുകയില്ല. ഈ ഒരു പ്രൊവിഷൻ കിടക്കുകയല്ലേ? എസ്.സി/എസ്.ടി, വനിത എന്നിവരെ നോമിനേറ്റ് ചെയ്യാനുള്ള പ്രൊവിഷൻ ബില്ലിലുണ്ടാക്കിവച്ചാൽ അവർ മത്സരിക്കണ്ട എന്നുള്ള പഴുത് നമ്മൾ തന്നെ ഉണ്ടാക്കുകയാണ്. മറ്റൊന്ന്. വിജിലൻസ് ഓഫീസറെ സംബന്ധിച്ചാണ്. ഞാനും അങ്ങും കേരളത്തിലുടനീളം ഇതുസംബന്ധിച്ച് തെളിവെടുപ്പ് നടത്താൻ പോയതാണ്. നമ്മൾ ബഹുമാനിക്കുന്ന മലബാർ മേഖലയിലെ മുഴുവൻ ആളുകളും ഏകകണ്ഠമായി പോലീസിനെ ഇതിനകത്ത് കടത്തരുതെന്ന് പറഞ്ഞില്ലേ? ഇതൊരു പോലീസ് രാജ് ആക്കരുതെന്ന് പറഞ്ഞില്ലേ? ഇതിനകത്ത് പോലീസ് വരേണ്ട കാര്യമില്ല. ഒരു ദുശാഠ്യമെന്ന കണക്കിന് അങ്ങ് പറഞ്ഞു രജിസ്ട്രാർ നിയോഗിക്കുന്ന, അല്ലെങ്കിൽ വിടുന്ന രജിസ്ട്രാർക്ക് ഏത് വിട്ടുകൂടാ- കേസ് അന്വേഷിക്കുന്നതിന് ഡി.ഐ.ജി. റാങ്കിലുള്ള വിജിലൻസ് ഓഫീസറെ നിയമിക്കുമെന്ന് ഒരു അപ്പെക്സ് സംഘത്തിൽ ഡി.ഐ.ജി റാങ്കിലുള്ള വിജിലൻസ് ഓഫീസറെ കേസ് അന്വേഷണത്തിന് നിയോഗിച്ചാൽ പ്രൈമറി സംഘം വരെ ആന കയറിയ കരിമ്പിൻ തോട്ടം പോലെ ആകും. ഒരു അപ്പെക്സ് സംഘത്തിലെ രജിസ്ട്രാർ അദ്ദേഹ.

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് താത്പര്യം തോന്നി ഡി.ഐ.ജി. റാങ്കിലുള്ള വിജിലൻസ് ഓഫീസറെ വച്ചാൽ കേരളത്തിലെ സഹകരണമേഖലയുടെ സ്ഥിതി എന്തായിരിക്കും? 100 ശതമാനം ആളുകളും എതിർത്തിട്ടും ഇതിനകത്ത് പോലീസ് കൂപ്പായമിട്ട ഡി. ഐ.ജി വരണം, ഐ.പി.എസ് കാർ വരണമെന്ന് അങ്ങേയ്ക്ക് എവിടെനിന്നും വാശിവന്നു? ഇതാണോ ജനാധിപത്യം? ഇതാണോ സഹകരണരംഗത്ത് അങ്ങയുടെ കാലത്തുണ്ടാക്കാൻ പോകുന്ന വിപ്ളവം? ഞങ്ങൾ അതിന് ഡിസെന്റ് എഴുതിപ്പോയി, അങ്ങ് ക്ഷമിക്കണം. ഒരു സൊസൈറ്റിയിലെ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യുന്നതിനുള്ള അപ്പോയിന്റിംഗ് അതോറിറ്റിക്കുള്ള അധികാരം രജിസ്ട്രാർക്ക് കൊടുത്തു. ഇലക്ഷൻ കമ്മീഷന് ഒരു കാളിഫിക്കേഷനും ഇതിനകത്ത് പറഞ്ഞിട്ടില്ല, നാളെ ശ്രീ. ആനത്തലവട്ടം ആനന്ദനേയും ഇലക്ഷൻ കമ്മീഷനാക്കി വയ്ക്കാം, അപ്പോൾ ഇതിന് കാളിഫിക്കേഷൻ വേണം.

Method of appointment prescribe ചെയ്യണം. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ അധികാരം കേരളത്തിൽ മാത്രമല്ല, ഇൻഡ്യയിലെ മോഡൽ ബില്ലിൽ മാത്രമല്ല, ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ മാത്രമല്ല, ഇൻഡ്യയിലെ കോടതികളായ കോടതികളിൽ മുഴുവനും ചർച്ചാവിഷയമായിക്കൊണ്ടിരിക്കുന്നു. ഈ അധികാരത്തിന്റെ വാൾ, അതേപടി ഈ ബില്ലിൽ എഴുതിവച്ചിരിക്കുകയാണ്. അഡ്മിനിസ്ട്രേറ്റർക്കുള്ള അധികാരവും മെമ്പർഷിപ്പ് ചേർക്കാനുള്ള അധികാരവും ഇതിൽ പറഞ്ഞിരിക്കുന്നു. അതാണ് ഈ ഡിസെന്റ് എഴുതാൻ പ്രധാനകാരണം. മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ, എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റ് എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ സഹകരണ മേഖലയിലെ നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻവേണ്ടി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് നിയോഗിച്ചിരുന്നു. 1996 ഫെബ്രുവരി മാസം 24-ാം തീയതി ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. അതിന്റെ ചെയർമാൻ പ്രസിദ്ധനായ, മിടുക്കനായ മുൻ ചീഫ് സെക്രട്ടറി ശ്രീ. വി. രാമചന്ദ്രൻ ആയിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ ഒരു പ്രസക്ത ഭാഗം വായിച്ചില്ലെങ്കിൽ നാം കേരളത്തിലെ സഹകാരികളെ കബളിപ്പിക്കുകയായിരിക്കും ചെയ്യുന്നത്. എന്താണ് ആ പ്രസക്ത ഭാഗം? Eventhough the Co-operative Movement in Kerala.... ശ്രീ.വി. രാമചന്ദ്രൻ, ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ, സി.പി.ഐ, നേതാവ്, കേരളത്തിലെ സഹകാരികൾ എന്നിവർ 1996 ഫെബ്രുവരി 24-ാം തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത് "Even though the Co-operative Movement in Kerala has a very long tradition, Government controls have reached a stage nullifying its autonomy and demoractic functioning" എന്നാണ്. ഗവൺമെന്റിന്റെ അനിയന്ത്രിതമായ കൈകടത്തൽ സഹകരണ പ്രസ്ഥാനത്തിന്റെ സ്വയംഭരണാവകാശത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്ന് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ പറഞ്ഞിരിക്കുമ്പോൾ കേരളത്തിലെ പ്രസിദ്ധനായ ചീഫ് സെക്രട്ടറി ശ്രീ. വി. രാമചന്ദ്രൻ ഒരു റിപ്പോർട്ട് എഴുതിയിരിക്കുകയാണ്. അതിനകത്ത് മറ്റൊരു കാര്യം കൂടി പറഞ്ഞിട്ടുണ്ട്. അത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. എന്താണ് രജിസ്ട്രാറുടെ അധികാരങ്ങൾ? Role of Registrar: The powers of the Registrar shall be confined.

രജിസ്ട്രാറുടെ അധികാരംകൂടി രജിസ്ട്രാറെ വച്ച് കൺട്രോൾ ചെയ്യുന്നു. സഹകരണ ജനാധിപത്യത്തെ നിങ്ങൾ നശിപ്പിക്കുന്നു എന്ന് പറഞ്ഞിട്ട് സഹകരണ രജിസ്ട്രാർക്ക് എന്തെല്ലാം അധികാരങ്ങൾ കൊടുക്കാമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി ഇ. ചന്ദ്രശേഖരൻ നായർ പറഞ്ഞിരിക്കുകയാണ്. Registration of Co-operative Scocieties, if it is in consensus with the bye-laws and act. ആ ബൈലാ അനുസരിച്ചു തന്നെയായിരിക്കണം അധികാരം. അതിനപ്പുറം കൊടുക്കരുത്. രണ്ട്, Registration of amendments to bye-law provisions Conduct of inquiry in case of default, Closely monitoring the Annual auditing by all co-operatives, organising departmental audit in the event of the Board failing to do it in time. ഇത്രയും കാര്യങ്ങൾ മാത്രമാണ് ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഒരു കാര്യം കൂടി പറഞ്ഞിട്ടുണ്ട്. എന്താണ് ജനറൽ ബോഡി? "Subject to the provisions of the act and bye-laws, the ultimate authority of Co-operatives shall vest in its General Body." ഇവിടെയാണ് ശ്രീ. ബി. വിജയകുമാർ പറഞ്ഞ ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിച്ചിരിക്കുന്നത്. അത് പറയാതെ കടന്നുപോകുന്നത് ശരിയല്ല. ഇതിന്റെ സ്വയംഭരണാവകാശം തകർത്തുകൊണ്ട്, കേരളത്തിൽ രജിസ്ട്രാറെ സൃഷ്ടി-സ്ഥിതി-സംഹാരമൂർത്തിയാക്കി വച്ചിരിക്കുകയാണ്. നിങ്ങൾ മുമ്പ് ഇവിടെ സംസാരിച്ചതാണ്. സഭാരേഖകൾ പരിശോധിച്ചാൽ അറിയാം. കേരളത്തിലെ സഹകരണ രജിസ്ട്രാർ സൃഷ്ടി-സ്ഥിതി-സംഹാരമൂർത്തിയാണ്. നിങ്ങൾ ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്ന 27 അമെന്റ്മെന്റിൽ 15 എണ്ണത്തിന് ഞങ്ങൾ ഡിസെന്റ് എഴുതിയിരിക്കുകയാണ്. ജനറൽ ബോഡിയാണ് വലുത്. ജനറൽ ബോഡിക്കാണ് പരമാധികാരം. സഹകരണ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ അടിത്തറ ജനറൽ ബോഡിയാണ് എന്ന് അങ്ങയുടെ ക്യാബിനറ്റിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഇ. ചന്ദ്രശേഖരൻ നായർ പറയുമ്പോൾ അങ്ങ് രജിസ്ട്രാർ എന്നുപറയുന്ന ആളിനെ ഈ നിയമത്തിലൂടെ സൃഷ്ടി-സ്ഥിതി-സംഹാരമൂർത്തിയാക്കി വച്ചിരിക്കുകയാണ്. അങ്ങനെയുള്ള രജിസ്ട്രാറെ കൂടുതൽ ശക്തമാക്കുന്ന വകുപ്പുകളാണുള്ളത്. അങ്ങ് ചെറുപ്പക്കാരനാണ്, അങ്ങ് ഈ കാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്ന ആളാണ്, അങ്ങ് ഈ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സമർത്ഥനാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. രജിസ്ട്രാറെ കൂടുതൽ കരുത്തനായ സംഹാരമൂർത്തിയാക്കുന്നതിന് ഈ ഭേദഗതി കേരള നിയമസഭയിൽ അവതരിപ്പിച്ച് വാശിയോടെ പാസ്സാക്കിയെടുക്കാൻ ശ്രമിച്ചാൽ കേരളത്തിലെ ലക്ഷോപലക്ഷം സഹകാരികൾ അങ്ങേയ്ക്കും അങ്ങയുടെ പാർട്ടിക്കും മാപ്പ് തരില്ല. അപ്പെക്സ് സംഘങ്ങളിൽ പുതുതായി അഫിലിയേഷൻ നൽകുന്നതിന് രജിസ്ട്രാർക്ക് നൽകുന്ന അധികാരം ജനാധിപത്യപരമാണോ? അത് ജനാധിപത്യപരമാണെങ്കിൽ അത്തരം സംഘങ്ങൾ അഫിലിയേറ്റ് ചെയ്യുന്നതിനുമുമ്പ് വായ്പ നൽകുന്ന സംഘത്തിന്റെ അഭിപ്രായം ആരായണ്ടേ? നമ്മളാരും ഉണ്ടാക്കിക്കൊടുത്തതല്ലല്ലോ ഇത്. അത് ആരായുന്നില്ല. ഇഷ്ടാനുസരണം സംഘങ്ങൾ രൂപീകരിക്കുകയും വയബിളല്ലാത്ത സംഘങ്ങൾക്ക് അഫിലിയേഷൻ നൽകാനുള്ള വിവേചനാധികാരം രജിസ്ട്രാർ ഉപയോഗിക്കുകയും ചെയ്യുന്നതോടുകൂടി ഗവൺമെന്റിന്റെ രാഷ്ട്രീയ തീരുമാനമനുസരിച്ച് നമ്മുടെ സംഘങ്ങൾ ഓരോന്നായി നശിക്കുന്നു. അവിടെ വയബിലിറ്റി നോക്കണം. അത് ഇക്കണോമിക്കലീ വയബിളാണോ; അഫിലിയേഷന് കൊള്ളാമോ എന്ന് നോക്കണം. നിങ്ങൾ ജില്ലാ സഹകരണ ബാങ്ക് പിടിക്കാൻവേണ്ടി ഒരു ഭേദഗതി കൊണ്ടുവന്നു. കേരളത്തിലെ യു.ഡി.എഫിന്റെ കൈയിലിരുന്ന എല്ലാ ജില്ലാ സഹകരണ ബാങ്കുകളും തിരിച്ചുപിടിക്കാൻവേണ്ടി അങ്ങയുടെ മുൻഗാമി ഇവിടെ ഒരു ബിൽ കൊണ്ടുവന്നു. എല്ലാ ജില്ലാ സഹകരണ ബാങ്കുകളും നിങ്ങളുടെ കൈയിലാക്കി. ഞങ്ങൾ സമ്മതിക്കുന്നു. ആ സാമർത്ഥ്യത്തെ ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വാഴ്ത്തുന്നു, ആ 'ജനാധിപത്യ ബോധ'ത്തെ ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ കേരളത്തിലെ എല്ലാ സംഘങ്ങളുടേയും തകർച്ചയ്ക്ക് കാരണമാകുന്ന അഫിലിയേഷൻ വളരെ ഗൗരവത്തോടുകൂടി കാണണം. ഇക്കണോമിക് വയബിലിറ്റിപ്പോലും നോക്കാതെ അഫിലിയേഷൻ നൽകുന്നത് ശരിയല്ല. രജിസ്ട്രാറുടെ വിവേചനാധികാരം എന്നുവച്ചാൽ ഗവൺമെന്റിന്റെ വിവേചനാധികാരം, കാലാകാലങ്ങളിലുള്ള മന്ത്രിമാരുടെ വിവേചനാധികാരം എന്നാണ്. അങ്ങനെ സഹകരണ സ്ഥാപനങ്ങൾക്കു കൊടുക്കാമോ എന്ന് ആരായണം. അഡ്മിനിസ്ട്രേറ്റർക്ക് അനിയന്ത്രിതമായ അധികാരങ്ങൾ കൊടുത്തിരിക്കുന്നു. അഡ്മിനിസ്ട്രേറ്റർക്ക് പുതുതായി അംഗങ്ങളെ ചേർക്കുന്നതിനുള്ള അധികാരങ്ങൾ അനുവദിക്കരുത്. പാർട്ടി തീരുമാനമാണെങ്കിലും അത് അനുവദിക്കരുത്. അഡ്മിനിസ്ട്രേറ്റർക്ക് അധികാരം കൊടുക്കരുത്. ഇന്ന് സ്റ്റേറ്റുകൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലുകൾ, ഡെൽഹിയിൽ അവതരിപ്പിച്ചിരിക്കുന്ന പുതിയ മോഡൽ ബിൽ.....

<u>ശ്രീ. എ. കണാരൻ</u> : അത് ഇപ്പോൾ ഉണ്ടല്ലോ.

<u>ശ്രീ. പാലോട് രവി</u> : അതാണ് കോടതി റദ്ദ് ചെയ്തത്. നിങ്ങൾ ഹൈക്കോടതിയെ വെല്ലുവിളിക്കുകയാണ്. അത് തെറ്റാണ്, അത് ജനാധിപത്യ സ്വഭാവം നശിപ്പിക്കുന്നതാണ് എന്ന്. കേരള ഹൈക്കോടതി പറഞ്ഞപ്പോൾ അതിനെ ഓവർറൂൾ ചെയ്യുകയാണ് ഉണ്ടായത്. നിങ്ങൾ വീണ്ടും ജനാധിപത്യത്തെ തകർക്കുന്ന തരത്തിൽ അഡ്മിനിസ്ട്രേറ്റർക്ക് മെമ്പർഷിപ്പിനുള്ള അധികാരം കൊടുത്തിരിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അഡ്മിനിസ്ട്രേറ്റർക്ക് കൊടുത്തിരിക്കുന്ന അമിതാധികാരം എടുത്തുകളയണം. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ സംഘങ്ങളിൽ പോലീസ് രാജ് ആരംഭിക്കാൻ പോകുകയാണ്. അത് വേണ്ട; അത് എല്ലാവരും എതിർത്തതാണ്. ഇന്ന് നിലവിലുള്ള സംവിധാനം മതി.ഡി.ഐ.ജി റാങ്കിലുള്ള ഒരു ഓഫീസറെ വിജിലൻസ് ഓഫീസറാക്കിയുള്ള പോലീസ് രാജ് അവസാനിപ്പിക്കണം. അല്ലെങ്കിൽ ഒരു കാര്യം ചെയ്താൽ മതി. ഈ വകുപ്പുംകൂടി അങ്ങ് പോലീസിന്റെ ചുമതലയുള്ള മന്ത്രിയെ ഏൽപ്പിക്കണം. ശ്രീ. ഇ.കെ. നായനാരെ ഏൽപ്പിച്ചാൽ മതി. പോലീസ് വകുപ്പ് വേറെ, സഹകരണ വകുപ്പ് വേറെ. രണ്ടും രണ്ടാണ്. ഈ വകുപ്പ് ശ്രീ. നായനാരെ ഏൽപ്പിക്കാനുള്ളതല്ല, പോലീസ് വകുപ്പിനെ ഏൽപ്പിക്കാനുള്ളതല്ല. അങ്ങ് ഗൗരവമായി പാർട്ടിയോട് ആലോചിക്കണം. ഡി.ഐ.ജി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ഇതിനകത്ത് വിജിലൻസ് ഓഫീസറാക്കിവയ്ക്കരുത്. ആരെങ്കിലും യോജിച്ചോ? അങ്ങയുടെ പാർട്ടിയിലെ ഏതെങ്കിലും സഹകാരികൾ ഇതിനോട് യോജിച്ചോ? എല്ലാവരും എതിർത്തു. അതുകൊണ്ട് അങ്ങ് ഇതിനെക്കുറിച്ച് റീതിങ്ക് ചെയ്യണം. ഇത് പോലീസ് രാജ് ആക്കുന്നത് പിൻവലിക്കണം. ഈ മൂന്നുനാല് സംഘങ്ങൾ പിടിക്കുന്നത് ശരിയല്ല. അത് അവസാനിപ്പിക്കണം എന്നു പറഞ്ഞുകൊണ്ട് ഞാൻ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ)

<u>ശ്രീ. ജോർജ് ജെ. മാത്യു</u> : സർ, എന്റെ രണ്ട് സുഹൃത്തുക്കൾ വളരെ വിശദമായി ഡിസെന്റിനെക്കുറിച്ച് ഇവിടെ പ്രതിപാദിച്ചു കഴിഞ്ഞു. സമയക്കുറവുകൊണ്ട് ആ വിഷയങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. രണ്ടുമൂന്നു പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളൂ. ഒന്ന് ആക്ടീവ് മെമ്പർ എന്ന് വിശേഷിച്ചിരിക്കുന്നത് വളരെ അവ്യക്തമാണ്. പ്രത്യേകിച്ചും

LIBRARY ARCHIVES Kerala Legislative Assembly

സൊസൈറ്റികളിലെ കൃഷിക്കാർക്കാണ് വായ്പ ലഭിക്കുന്നതെങ്കിൽ ആ മെമ്പർഷിപ്പ് എന്തുകൊണ്ട് കൃഷിക്കാർക്കു മാത്രമായിട്ട് റെസ്ട്രിക്ട് ചെയ്തു കൂടാ? എന്തിന് മറ്റുള്ള ആളുകളേയും കൂടി ചേർക്കണം? ഒരു ജനറൽ ബോഡിക്കകത്ത് അവരുടെ കൈയൊപ്പു മാത്രം ഇടുകയാണെങ്കിൽ അവർ ആക്ടീവ് മെമ്പർ ആകുക. അല്ലെങ്കിൽ 500 രൂപ അടയ്ക്കുകയാണെങ്കിൽ അവർ ആക്ടീവ് മെമ്പർ ആകുക ഇങ്ങനെയുള്ള നിബന്ധനകൾ വയ്ക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. അത് ഈ പദവിയെ ദുരുപയോഗം ചെയ്യും. അതുകൊണ്ട് ആ വകുപ്പിന് ഒന്നുകൂടി വ്യക്തത കൊടുക്കണമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. അതുപോലെ മറ്റൊരു ഗുരുതരമായ വീഴ്ചയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഒരു സൊസൈറ്റി സസ്പെന്റ് ചെയ്യുകയാണെങ്കിൽ അതിന്റെ അഡ്മിനിസ്ട്രേറ്റർക്ക് ആ ബോർഡിന്റെ എല്ലാ പവേഴ്സും കൊടുക്കുകയാണ്. ശരിയാണ്. ആളുകൾക്ക് വോട്ട് ചെയ്യാനുള്ള അവകാശം കൊടുക്കുന്നുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്തിനാണ് പുതുതായി അഡ്മിനിസ്ട്രേറ്റർ വന്ന് മെമ്പർഷിപ്പ് കൊടുക്കുന്നത്? അത് ഒരിക്കലും ശരിയല്ല. ബോർഡിനുള്ള പവേഴ്സ് അഡ്മിനിസ്ട്രേറ്റർക്ക് വന്നാൽ ഡേ റ്റു ഡേ അഫയേഴ്സ് മാത്രം നടപ്പാക്കുക, ആ ഡേ റ്റു ഡേ അഫയേഴ്സ് കഴിഞ്ഞാൽ ഇലക്ഷൻ നടത്താനുള്ള സംവിധാനങ്ങളിലേയ്ക്കു മാത്രം മുന്നോട്ടു പോകുക. ഇതായിരിക്കണം ഒരു അഡ്മിനിസ്ട്രേറ്റർ ചെയ്യേണ്ട കാര്യങ്ങൾ. എക്സാമിനേഷൻ ബോർഡ് ഒരുപക്ഷേ നല്ല കാര്യമായിരിക്കാം. പക്ഷേ ഒരു പ്രാഥമിക സൊസൈറ്റിയുടെ കാര്യം നമ്മൾ പരിഗണിക്കുമ്പോൾ ആ സൊസൈറ്റിയുടെ ഏരിയായിൽനിന്നുള്ള ആളുകൾക്ക് ആ സൊസൈറ്റിയിൽ ജോലി ലഭിക്കുകയാണെങ്കിൽ ആ സൊസൈറ്റിക്ക് പ്രയോജനം ഉണ്ട്. ഉദാഹരണത്തിന്, തിരുവനന്തപുരം ജില്ലയിൽ ഒരു പ്രാഥമിക ബാങ്കിൽ ജോലിക്ക് പൊതുവായ ഒരു എക്സാമിനേഷൻ നടത്തുകയാണ്. കാസർഗോഡ് ജില്ലയിലുള്ള ആളിനെയാണ് ഇവിടെ അപ്പോയിന്റ് ചെയ്യാൻ പോകുന്നത്. 80 മാർക്കാണ് എക്സാമിനേഷൻ ബോർഡ് കൊടുക്കുന്നത്. 20 മാർക്ക് കൊടുക്കാൻ കമ്മിറ്റിക്കാണ് അവകാശം. ഏതൊരു കമ്മിറ്റിയിരുന്നാലും 20-ൽ 20 മാർക്കും ഇട്ടുകൊടുക്കുകയാണെങ്കിൽപ്പോലും ലോക്കലായിട്ടുള്ള ആളുകളെ കയറ്റാൻ പലപ്പോഴും ബുദ്ധിമുട്ടുണ്ടാകാനുള്ള സാഹചര്യമുണ്ട്. ലോക്കലായിട്ടുള്ള ആളുകൾ ഇതിൽ വരുന്നതാണ് പ്രയോജനകരമായ കാര്യം. അതുകൊണ്ട് ഈ നിലപാട് പുനഃപരിശോധിക്കണം. പ്രത്യേകിച്ച് അതാതു ബാങ്കിന്റെ ഏരിയായിൽനിന്നു വരുന്ന ആളുകൾക്ക് ഒരു പ്രിഫറൻസ്, അതായത് 25 ശതമാനം മാർക്ക് അവർക്ക് കൂടുതലായി കൊടുക്കാനുള്ള സംവിധാനം വേണം. അങ്ങനെയാണെങ്കിൽ മാത്രമേ ഈ എക്സാമിനേഷൻ ബോർഡുകൊണ്ട് സൊസൈറ്റികൾക്ക് പ്രയോജനമുണ്ടാകൂ. അതിലും വളരെ പ്രധാനപ്പെട്ട കാര്യം നാം പല സ്ഥാപനങ്ങളും സന്ദർശിച്ച അവസരത്തിൽ ഉയർന്നുവന്ന പ്രധാനപ്പെട്ട ഒരു വിഷയമുണ്ട്. അത് ഒരു പാരലൽ ആക്ട് കേരളത്തിൽ ഉണ്ടാക്കണമെന്നുള്ളതാണ്. മന്ത്രിതന്നെ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. The Committee therefore recommends to initiate necessary steps to have such an enactment. അതുകഴിഞ്ഞ് അതുവെട്ടി ഏതോ വലിയ ഒരു അപരാധം ചെയ്തമാതിരി ഒരു തുണ്ടു കടലാസ് ഒട്ടിച്ചുവച്ചിരിക്കുകയാണ്. അതിന്റെ ആവശ്യം എന്താണെന്ന് അറിഞ്ഞുകൂടാ. അതിൽ പറഞ്ഞിരിക്കുന്നത്. "The Committee therefore feels that the Government may examine the possibility of such an enactment in the existing circumstances of the State" എന്നാണ്. നിയമസഭയാണ് ഈ കമ്മിറ്റിയെ എംപവർ ചെയ്തിരിക്കുന്നത്. ഈ കമ്മിറ്റി കാര്യങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളെല്ലാം പഠിച്ചുകഴിഞ്ഞു. കമ്മിറ്റിക്ക് എന്തുകൊണ്ട് റെക്കമെന്റ് ചെയ്തുകൂടാ? 'may recommend' എന്നുള്ള പേടിച്ചുള്ള ഒരു സമീപനം ആവശ്യമില്ല. കാരണം നമ്മുടെ മുമ്പാകെയുള്ള പ്ലാനിംഗ് കമ്മീഷന്റെ രണ്ട് നിർദ്ദേശങ്ങളിൽ ഒരു മോഡൽ ആക്ട് മേയ് 1991-ലേതുണ്ട്. അത് സെൻട്രൽ ആക്ടാണ്. അതുപോലെതന്നെ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ഫൗണ്ടേഷൻ, ഹൈദ്രാബാദ് എടുത്തിരിക്കുന്ന ഒരു മോഡൽ ആക്ടുണ്ട്. ഈ രണ്ട് ആക്ടുകൾ വന്നുവെങ്കിൽ മാത്രമേ എന്തെങ്കിലും പുതിയ ഒരു കാഴ്ചപ്പാട് ഈ ഡിപ്പാർട്ടുമെന്റിൽ ഉണ്ടാകൂ. അല്ലാതെ ഇന്നത്തെ നിലയിൽ പോവുകയാണെങ്കിൽ നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ നേടാൻ സാധ്യമല്ല. ഇതിൽ മറ്റൊരു ദുഃഖകരമായ കാര്യം ഉണ്ട്. 1969-ൽ ഈ ആക്ട് കേരള നിയമസഭയിൽ കൊണ്ടുവന്നതാണ്. 30 വർഷം കഴിഞ്ഞ് അതിന് ഭേദഗതി നിർദ്ദേശിക്കുകയാണ്. എല്ലാ വകുപ്പുകളും നമ്മൾ റീ-ഓപ്പൺ ചെയ്യേണ്ടതായിരുന്നു. അത്യാവശ്യമുള്ള കുറേ വകുപ്പുകൾ മാത്രമേ റീ-ഓപ്പൺ ചെയ്തിട്ടുള്ളൂ. സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുമായി ചർച്ച നടത്തിയപ്പോൾ അവിടെ പറഞ്ഞ പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ഫണ്ടുകൾ പല തരത്തിൽ ഉപയോഗിക്കാൻ വേണ്ടി നമ്മൾ മാറ്റിവച്ചിട്ടുണ്ട്. ആ ഫണ്ടുകൾ 5 വർഷമായിട്ടും വിനിയോഗിക്കുന്നില്ലായെങ്കിൽ അത് വിനിയോഗിക്കാനുള്ള അവകാശങ്ങൾ അതാതു ബോർഡിന് കൊടുക്കണമെന്നും, പ്രത്യേകിച്ച് വിദ്യാഭ്യാസ മേഖലയ്ക്ക് അല്ലെങ്കിൽ ഏതെങ്കിലും പ്രയോജനമുള്ള മേഖലയിൽ അതുപയോഗിക്കാനുള്ള അവസരം കൊടുക്കണമെന്നുമുള്ള നിർദ്ദേശം വന്നു. പക്ഷേ നമുക്ക് അതെടുക്കാൻ സാധ്യമല്ല. കാരണം നിയമസഭയിൽ അത് അവതരിപ്പിച്ചിട്ടില്ല. ഇന്ന് ധാരാളം defunct സൊസൈറ്റികളുണ്ട്. ആ സൊസൈറ്റികൾക്കെല്ലാം ആസ്തിയുണ്ട്. അത് എങ്ങനെ ഫലപ്രദമായി ഉപയോഗിക്കണമെന്ന കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ സാധിച്ചിട്ടില്ല. സ്വാഭാവികമായും ഫലപ്രദമായി ഉപയോഗിക്കണമെങ്കിൽ ചാരിറ്റബിൾ ആക്ടനുസരിച്ച് ഒരു ട്രസ്റ്റിന് ആ ഫണ്ടുകൾ ഐഡിയലായിട്ട് കൊടുക്കാനുള്ള ഒരു ചെറിയ ഭേദഗതി കൊണ്ടുവന്നുവെങ്കിൽ വളരെ പ്രയോജനകരമാകുമായിരുന്നു. നിർഭാഗ്യവശാൽ ആ കാര്യവും ഇന്ന് ഈ ബില്ലിൽ വന്നിട്ടില്ല. ഇങ്ങനെയുള്ള മാറ്റങ്ങൾ ഉണ്ടായെങ്കിൽ മാത്രമേ ഈ ബില്ലുകൊണ്ട് നമുക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകൂ. ശ്രീ. ബി. വിജയകുമാർ സംസാരിച്ചപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെ മണ്ഡലത്തിലെ ഇളങ്കുളം ബാങ്കിനെപ്പറ്റി പറഞ്ഞു. അത് എന്റെ പ്രദേശത്തുള്ള ബാങ്കാണ്. അതിനെസംബന്ധിച്ച് വല്ല അന്വേഷണവും ഉണ്ടായിട്ടുണ്ടോ എന്ന് ഞാൻ മന്ത്രിയോട് ചോദിച്ചു. അവിടെ 20 കോടിയോളം രൂപയുടെ തട്ടിപ്പുണ്ടെന്നാണ് അറിയുന്നത്. എനിക്കറിഞ്ഞുകൂടാ. വിജിലൻസ് ഡിപ്പാർട്ടുമെന്റ് അന്വേഷണം നടത്തിക്കഴിഞ്ഞു. ഒരു പ്രഹസനം പോലെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് പറയുന്നത്. ബന്ധപ്പെട്ട പാർട്ടികൾ ഗ്രൂപ്പുകൾ മാറിയതുകൊണ്ട് അവർക്ക് സംരക്ഷണം കിട്ടുകയില്ലായെന്നുള്ള സംസാരം ജനങ്ങളുടെ ഇടയിലുണ്ട്. മന്ത്രി അത് പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെ എന്റെ നിയോജകമണ്ഡലത്തിലെ പല ബാങ്കുകളിലേയും ആസ്തിയും അതിലുണ്ടാകുന്ന ബാധ്യതകളും നോക്കുകയാണെങ്കിൽ റീസീവറെ ഏർപ്പെടുത്താനുള്ള സാഹചര്യം അതിക്രമിച്ചിരിക്കുകയാണ്. അവിടെ ഒരു ഡെപ്പോസിറ്റുമില്ല, യാതൊന്നുമില്ല, ആ ബാങ്കുകളിൽ ആർക്കും ഒരു വിശ്വാസവുമില്ല. അതിന്റെ ബോർഡ് എങ്ങനെയാണ് പ്രവർത്തിക്കുന്നത്? ഡീഫംഗറ്റായി കിടക്കുന്ന ബാങ്കുകളിലേയും അതുപോലെ ലോണെടുത്ത് അങ്ങോട്ടുമിങ്ങോട്ടും ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തുന്ന ബാങ്കുകളിലേയും

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടാകണം, ഈ കാര്യങ്ങളെക്കുറിച്ച് പഠിക്കണം. ഈ നിർദ്ദേശങ്ങൾ സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. മുഹമ്മദാലി</u> : സർ, സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രസക്തി ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി കണ്ടിരുന്നുവെങ്കിൽ ഇങ്ങനെ ഒരു വിയോജനക്കുറിപ്പുണ്ടാക്കുന്ന സാഹചര്യം ഒഴിവാക്കാൻ ശ്രമിക്കുമായിരുന്നു. 1969-ൽ പാസ്സാക്കിയ നിലവിലുള്ള സഹകരണ നിയമത്തിന് പകരമായി സമഗ്രമായ ഒരു നിയമം കൊണ്ടുവരണമെന്നത് എല്ലാഭാഗത്തു നിന്നും വളരെ നാളുകളായി ഉയർന്നുവന്നിട്ടുള്ള ആവശ്യമാണ്. ഭേദഗതിയെക്കുറിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അഭിപ്രായപ്രകടനമുണ്ടായപ്പോൾ സ്വാഭാവികമായും പ്രതീക്ഷിച്ചത് കാലാനുസൃതമായ മാറ്റങ്ങൾക്കു വിധേയമാക്കുവാൻ കഴിയുന്നതരത്തിൽ സമഗ്രമായ ഒരു നിയമം കൊണ്ടുവരുമെന്നായിരുന്നു. നിർഭാഗ്യവശാൽ ഇപ്പോൾ വന്നിരിക്കുന്ന 28-ഓളം ഭേദഗതികൾ ഈ ലക്ഷ്യംവച്ചുകൊണ്ടുള്ളതല്ല എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ആ കാര്യങ്ങളെക്കുറിച്ചൊക്കെ വളരെ വിശദമായി സംസാരിച്ചുകഴിഞ്ഞു. സെലക്ട് കമ്മിറ്റി ഈ കാര്യങ്ങളെല്ലാം പരിശോധിച്ച സന്ദർഭത്തിൽത്തന്നെ അഭിപ്രായപ്രകടനങ്ങളുണ്ടായി. തുടക്കത്തിൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി സ്വീകരിച്ച സമീപനം പ്രതീക്ഷാനിർഭരമായിരുന്നു. പക്ഷേ അവസാനം എത്തിയപ്പോൾ പ്രതീക്ഷയ്ക്ക് വിരുദ്ധമായ നിലയിൽ ഗവൺമെന്റിന്റെ കാഴ്ചപ്പാട് മനസ്സിലാക്കുവാൻ കഴിഞ്ഞുവെന്നുള്ളതാണ് ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നത്. സഹകരണ സ്ഥാപനങ്ങളുടെ ഭരണം എങ്ങനെ കൈവശപ്പെടുത്താൻ കഴിയുമെന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള ഭേദഗതികളാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത് എന്ന് ആരെങ്കിലും ആക്ഷേപം ഉന്നയിച്ചാൽ അത് നിഷേധിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. മറ്റ് കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞതായതുകൊണ്ട് വീണ്ടും ആവർത്തിക്കുന്നില്ല. കാർഷിക വികസന ബാങ്കിന്റെ കാര്യം പരിശോധിച്ചാൽ വളരെ നാളുകളായി ആ സ്ഥാപനം പിടിച്ചെടുക്കാൻവേണ്ടി തീവ്രമായ പരിശ്രമങ്ങളുണ്ടായി എന്ന് കാണാം. അതെല്ലാം പരാജയപ്പെട്ടു. ഇപ്പോൾ ഈ ഭേദഗതിയിലൂടെ കാർഷിക വികസന ബാങ്ക് പിടിച്ചെടുക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കുകയാണ്. സഹകരണ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾക്കനുസൃതമായ നിയമഭേദഗതികൾ കൊണ്ടുവരുമ്പോൾ അതിന് വ്യത്യസ്തമായി സ്ഥാപനങ്ങൾ പിടിച്ചെടുക്കും എന്ന ലക്ഷ്യത്തോടുകൂടി പോവുകയാണെങ്കിൽ ഈ മൂവ്മെന്റ് തകരും. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ വളരെയേറെ ആളുകൾ ത്യാഗംചെയ്താണ് ഈ മൂവ്മെന്റ് ഇന്നത്തെ നിലയിൽ എത്തിയത്. ഇന്ന് ഭരണസമിതികൾ കൈകാര്യം ചെയ്യുന്ന ആളുകളേക്കാൾ ഏറെ, മൺമറഞ്ഞുപോയവരും ഈ രംഗത്തുനിന്നും മാറിനിൽക്കുന്നവരുമായ വളരെയേറെ പ്രഗൽഭരായ ആളുകൾ നൽകിയ സംഭാവനകളുടെ അടിസ്ഥാനത്തിലാണ് കേരളത്തിലെ സഹകരണപ്രസ്ഥാനത്തിന് പ്രസക്തിയും പ്രാധാന്യവുമുണ്ടായത്. ആ പ്രസക്തിയും പ്രാധാന്യവും ഉൾക്കൊണ്ടു കൊണ്ടുമാത്രമേ നമുക്ക് ഈ രംഗത്ത് പുതിയ മാറ്റങ്ങൾക്കുവേണ്ടിയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കാൻ കഴിയൂ. അതുകൊണ്ടാണ് ഞാൻ പറയുന്നത്. 'പൊൻമുട്ടയിടുന്ന താറാവിനെ കഴുത്ത് ഞെരിച്ച് കൊല്ലരുത്' എന്ന്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിനുതന്നെ പ്രയാസമുണ്ടാകുമ്പോൾ സാമ്പത്തിക കാര്യങ്ങൾക്കുവേണ്ടി ആശ്രയിക്കുന്നത് സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്ഥാനത്തെയാണ്. ആ നിലയ്ക്ക് വളർന്നുവന്നിരിക്കുന്ന കേരളത്തിലെ സഹകരണപ്രസ്ഥാനത്തെ അപകടത്തിലേയ്ക്ക് കൊണ്ടുപോകരുത്. അപ്പെക്സ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ ഘടനാപരമായ മാറ്റത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. റവന്യൂ ജില്ലാടിസ്ഥാനത്തിൽ ഭരണസമിതിയിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് പരത്തിപ്പറയുമ്പോൾ വളരെ നല്ല കാര്യമായി അങ്ങ് പറയുമെങ്കിലും സ്ഥാപനം പിടിച്ചെടുക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് എന്ന് ഞാൻ പറഞ്ഞാൽ അത് നിഷേധിക്കാൻ കഴിയുകയില്ല. അത് സദുദ്ദേശപരമായിരുന്നുവെങ്കിൽ ഈ സംസ്ഥാനത്തെ ജില്ലാസഹകരണബാങ്കുകളിൽ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ അങ്ങനെയുള്ള ഒരു സമീപനം സ്വീകരിച്ചിട്ടില്ല. അവിടെ താലൂക്കുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ മൊത്തം ജനറൽബോഡിയാണ് തെരഞ്ഞെടുക്കുന്നത്. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ നിങ്ങളുടെ കൈവശമായതുകൊണ്ട് നിങ്ങൾ ആ മേഖലയിലേയ്ക്ക് നീങ്ങിയില്ല. യു.ഡി.എഫ്-ന്റെ കീഴിലുള്ള അപ്പെക്സ് സ്ഥാപനങ്ങൾ പിടിച്ചെടുക്കാൻ കഴിയുന്ന നിലയിലുള്ള ഭേദഗതിയെക്കുറിച്ച് വളരെ ഗൗരവമായി നിങ്ങൾ ആലോചിച്ചു, അതുകൊണ്ട് ഈ ഭേദഗതിയിലെ പല കാര്യങ്ങളും സദുദ്ദേശപരമല്ലെന്നു ആരെങ്കിലും ആക്ഷേപിച്ചാൽ അങ്ങേയ്ക്ക് അത് നിഷേധിക്കാൻ കഴിയുകയില്ല. ഇത് പരിശോധിക്കേണ്ട കാര്യങ്ങളാണ്. ഈ മേഖലയെ സ്നേഹിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഇതിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടുപോകാൻ കഴിയണമെങ്കിൽ, ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയണമെങ്കിൽ, കാലാനുസൃതമായ മാറ്റങ്ങളുണ്ടാകണമെങ്കിൽ അതിനു സഹായകരമായ നിയമഭേദഗതിയാണ് ഉണ്ടാകേണ്ടത്. ശ്രീ. ടി.കെ. രാമകൃഷ്ണൻ സഹകരണ വകുപ്പു മന്ത്രിയായിരുന്ന കാലത്ത് നോമിനേഷൻ നിർത്തിവയ്ക്കണമെന്ന് അന്നത്തെ സഹകാരികൾ പൊതുവേ പറഞ്ഞ കാര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നോമിനേഷൻ നിർത്തലാക്കുക എന്ന നിലയിൽ അമെന്റ്മെന്റ് കൊണ്ടുവന്ന് സഹകരണസ്ഥാപനങ്ങളെല്ലാം പിടിച്ചെടുത്ത മുൻകാല ചരിത്രം നമ്മുടെ മുന്നിലുണ്ട്. അങ്ങനെ വെട്ടിപ്പിടിച്ച സാഹചര്യമുണ്ട്. ആ നിലയിലേയ്ക്കാണ് ഇന്ന് അങ്ങും പോകുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് അങ്ങയുടെ മനസ്സിൽ മാത്രം ഉദിച്ച കാര്യമാണെന്ന് എനിക്കു തോന്നുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി കൂടിയാലോചിച്ച് തീരുമാനിച്ചതാണെന്നും ഞാൻ കരുതുന്നില്ല. ഇതിൽ ഇടതുപക്ഷജനാധിപത്യമുന്നണിയിലെ മറ്റു ഘടകകക്ഷികൾക്ക് വലിയ പങ്കുണ്ടോ എന്നും എനിക്കറിഞ്ഞുകൂടാ. കാരണം, പ്രത്യക്ഷമായും പരോക്ഷമായും ഇതിലെ പല വകുപ്പിനോടും അവർ വിയേജിപ്പ് പ്രകടിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ രംഗമാകെ തങ്ങളുടെ കൈപ്പിടിയിൽ ഒതുക്കണമെന്ന് ആഗ്രഹിക്കുന്ന അങ്ങയുടെ പാർട്ടി ആളുകളെവച്ച് തയ്യാറാക്കിയ ഭേദഗതിയാണ് അങ്ങ് നിയമസഭയിൽ കൊണ്ടുവന്നിരിക്കുന്നത്. സെലക്ട് കമ്മിറ്റിയുടെ പരിഗണനാ വേളയിൽ കാര്യങ്ങളെല്ലാം പറഞ്ഞിരുന്നു. ഈ സെലക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട മന്ത്രി നിസ്സഹായനായിരുന്നു. തുടക്കത്തിൽ ഗുണപരമായ മാറ്റങ്ങൾ ഈ രംഗത്ത് ഉണ്ടാകണമെന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ സമീപനം നല്ലതായിരുന്നു. പക്ഷേ അവസാനമായപ്പോൾ സെലക്ട് കമ്മിറ്റിയിലുണ്ടായ പൊതുവായ അഭിപ്രായത്തിന്, ഭരണകക്ഷിയിലെതന്നെ മറ്റു ഘടകകക്ഷികളുടെ ഭാഗത്തുനിന്നുണ്ടായ പൊതുവായ അഭിപ്രായത്തിന് വ്യത്യസ്തമായി ബഹുമാനപ്പെട്ട മന്ത്രിക്ക് നിലപാട് സ്വീകരിക്കേണ്ടിവന്നത് പുറകിൽ നിന്നുള്ള പ്രേരണയുണ്ടായതുകൊണ്ടാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഇനിയും സമയം കഴിഞ്ഞിട്ടില്ല. കേരളത്തിലെ സഹകാരികളെ സംബന്ധിച്ചിടത്തോളം, കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രതീക്ഷയോടെ ഉറ്റുനോക്കിയ സമഗ്രമായൊരു നിയമമാണ് ആഗ്രഹിച്ചിരുന്നതെങ്കിലും, ഈ ഭേദഗതിയെങ്കിലും സഹകരണമേഖലയുടെ ഗുണപരമായ മാറ്റത്തിനു വേണ്ടി ഉപയോഗിക്കുക എന്ന ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാതെ, ഇന്നുള്ള സഹകരണസ്ഥാപനങ്ങൾ പിടിച്ചെടുക്കുക എന്ന നിലയിൽ നിന്നുമാറി ഈ രംഗത്ത് അത്തരത്തിലുള്ള കാര്യങ്ങളെക്കുറിച്ച് ഗൗരവമായി ആലോചിച്ച് സഹകാരികൾക്കും ജനങ്ങൾക്കും സഹായകരമായ രീതിയിൽ, പ്രയോജനകരമായ രീതിയിൽ ഈ നിയമം പാസ്സാക്കി എടുക്കാനുള്ള ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ : ഡിസെന്റ് കൊടുത്തവർ ഒമ്പത് പേർ ഉണ്ട്. നാലു പേർ മാത്രമേ ആയിട്ടുള്ളൂ. നാളെയാക്കുന്നതിനോട് എനിക്ക് യോജിപ്പാണ്. പക്ഷേ നാളെ സമയം കിട്ടുകയില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇന്ന് പ്രസംഗിക്കുന്ന ആളുകൾ കഴിച്ച് ബാക്കിയുള്ള ഡിസെന്റ് എഴുതിയ ആളുകളും സംസാരിച്ച് കഴിഞ്ഞല്ലേ അമെന്റ്മെന്റ് കൊടുത്ത ആളുകൾക്ക് പ്രസംഗിക്കാൻ അവസരം വരികയുള്ളൂ?

മി. സ്പീക്കർ : അത്രയേയുള്ളൂ. അതിനൊന്നും സമയമില്ല. പിന്നെ മന്ത്രിയുടെ മറുപടിയുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : ബി.എ.സി.യിൽ ഈ വിഷയം ചർച്ച ചെയ്തപ്പോൾ ഡിസെന്റ് എഴുതിയവർക്കെല്ലാം സമയം കൊടുക്കാമെന്നു പറഞ്ഞിരുന്നു. ആദ്യം പ്രസംഗിച്ചവർ ന്യായമായ നിലയിൽ പറയണമായിരുന്നു. ഡിസെന്റ് എഴുതിയ എല്ലാവരും സംസാരിക്കട്ടെ. അതുകഴിഞ്ഞ് ബാക്കി കാര്യങ്ങളിലേയ്ക്ക് പോകാം. അല്ലെങ്കിൽ കുറച്ച് സമയംകൂടി ഇരിക്കാം.

മി. സ്പീക്കർ : അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. ജോണി നെല്ലൂർ : സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ കേട്ടിരുന്ന എല്ലാവർക്കും, സഹകാരികൾക്കെല്ലാം സഹകരണപ്രസ്ഥാനത്തിന് പുരോഗതിയുണ്ടാകത്തക്ക രീതിയിൽ സമഗ്രമായൊരു നിയമം കൊണ്ടുവന്നിരിക്കുന്നു എന്ന തോന്നലാണ് ഉണ്ടായത്, ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. നമ്മുടെ സഹകരണപ്രസ്ഥാനത്തിന്റെ അടിസ്ഥാനതത്വങ്ങൾ എന്തൊക്കെയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമെങ്കിൽപ്പോലും അങ്ങ് ഒന്നുകൂടി പരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. സംഘങ്ങളെ സംബന്ധിച്ച സ്വയംഭരണാധികാരം, ജനാധിപത്യ സ്വഭാവം, സാമ്പത്തിക സ്വയംപര്യാപ്തത എന്നീ മൂന്നു കാര്യങ്ങളാണ് സഹകരണപ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വങ്ങൾ. അങ്ങ് ഇവിടെ അവതരിപ്പിച്ച നിയമം അടിസ്ഥാന തത്വങ്ങളായ ഈ മൂന്നു കാര്യങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ തയ്യാറാകണം. ഒരു പക്ഷേ ഈ ബിൽ നിയമസഭയിൽ ആദ്യം അവതരിപ്പിച്ച സമയത്തും സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പ് നടന്ന സമയങ്ങളിലും സെലക്ട് കമ്മിറ്റി അംഗങ്ങൾ ഒരുമിച്ചിരുന്നു ചർച്ച ചെയ്ത അവസരത്തിലുമൊക്കെ അങ്ങേയ്ക്ക് വിശാലമായൊരു കാഴ്ചപ്പാട് ഉണ്ടായിരന്നു; ഈ നിയമം കുറ്റമറ്റതാക്കണമെന്നുള്ള കാഴ്ചപ്പാടുണ്ടായിരുന്നു എന്നുള്ള കാര്യം ഞാൻ അംഗീക

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നു. പക്ഷേ ഇവിടെ സൂചിപ്പിച്ച പ്രകാരം അവസാന നിമിഷം ഒരു തകിടംമറിച്ചിലുണ്ടായിരുന്നു. അത് ആർക്കുവേണ്ടിയാണ്? എന്തിന് വേണ്ടിയാണ് ആ തകിടം മറിച്ചിലുണ്ടായത്? അത് അങ്ങ് ആലോചിക്കേണ്ടതാണ്. സെലക്ട് കമ്മിറ്റിയിൽ വളരെയേറെ കാര്യങ്ങൾ ചർച്ച ചെയ്തു. ചർച്ച ചെയ്ത കുറേ കാര്യങ്ങൾ ഉൾക്കൊള്ളിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായതാണ്. എന്നാൽ അടിസ്ഥാനപരമായ ചില കാര്യങ്ങൾ ഉൾക്കൊള്ളിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിട്ടില്ല. സഹകരണപ്രസ്ഥാനം ആരംഭിച്ച കാലം മുതൽ നമ്മുടെ സംസ്ഥാനത്തെല്ലാം സഹകാരികൾ പറയുന്ന ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. അത് അങ്ങേയ്ക്കറിയാം, സഹകരണ രംഗത്ത് ഗവണ്മെന്റിന്റെ കൈകടത്തൽ ഉണ്ടാകാൻ പാടില്ല. രജിസ്ട്രാർക്ക് അമിതമായ അധികാരങ്ങളുണ്ടാകാൻ പാടില്ല. ഉദ്യോഗസ്ഥന്മാരുടെ മേധാവിത്വം അവസാനിപ്പിക്കണം എന്നിവയൊക്കെയായിരുന്നു എല്ലാ കാലത്തും സഹകാരികൾ ആവശ്യപ്പെട്ടിരുന്നത്. അങ്ങ് ഇവിടെ അവതരിപ്പിച്ച ബിൽ സമൂലം പരിശോധിച്ചാൽ ഉദ്യോഗസ്ഥമേധാവിത്വം നിറഞ്ഞുനിൽക്കുന്ന സാഹചര്യം നമുക്ക് കാണാൻ കഴിയും. സഹകരണരംഗത്ത് മാറ്റങ്ങൾ വരുത്തണമെന്നാണ് നമ്മളൊക്കെ ആഗ്രഹിക്കുന്നത്. ഇവിടെ അവതരിപ്പിച്ച ബിൽ പരിശോധിച്ചാൽ രജിസ്ട്രാറെ ആരായാണ് ചിത്രീകരിച്ചിരിക്കുന്നത്? ഒരു രാക്ഷസന്റെ രൂപമാണ് രജിസ്ട്രാർക്ക് ബില്ലിൽ കൊടുത്തിരിക്കുന്നത്. അധികാരങ്ങൾ മുഴുവൻ രജിസ്ട്രാർക്ക് അടിയറ വച്ചിരിക്കുന്നു. എന്താണ് ജനാധിപത്യം? ഇതാണോ അധികാരവികേന്ദ്രീകരണം? അത് ബഹുമാനപ്പെട്ട മന്ത്രി പറയണം. അധികാരങ്ങൾ രജിസ്ട്രാറിൽ കുന്നുകൂട്ടാൻ അങ്ങ് കൂട്ട് നിൽക്കുമോ? ജനാധിപത്യത്തിനുവേണ്ടി വാദിക്കുന്ന, അധികാര വികേന്ദ്രീകരണത്തിനുവേണ്ടി വാദിക്കുന്ന അങ്ങ് എന്തിന് ഇതിനു കൂട്ടുനിന്നു? ആരാണ് ഇതിന്റെ പിന്നിൽ അങ്ങയെ പ്രേരിപ്പിക്കുന്നത്?

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, രാക്ഷസൻ പ്രായാധിക്യം ആകുമ്പോൾ സ്വന്തം കുഞ്ഞുങ്ങളെ കൊന്നുതിന്നുന്നതായി പറഞ്ഞു കേട്ടിട്ടുണ്ട്. അതു പോലെ സഹകരണ രജിസ്ട്രാർ സഹകരണ സ്ഥാപനത്തെ മുഴുവൻ കൊന്നു തിന്നുമെന്നാണോ അങ്ങ് പറഞ്ഞുവരുന്നത്?

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, എന്റെ ഭയപ്പാട് അതു തന്നെയാണ്. ഈ അധികാരങ്ങളെല്ലാം കൂടി കൊടുത്താൽ അതിൽ യാതൊരു സംശയവുമില്ല. രജിസ്ട്രാർക്ക് ഒരിക്കലും ചിന്തിക്കാൻ പോലും വയ്യാത്ത അധികാരങ്ങൾ കുന്നുകൂടി വരുമ്പോൾ ഈ പറഞ്ഞ രീതിയിലുള്ള കാര്യങ്ങളിലേക്ക് പോകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ ബില്ലിൽ അങ്ങ് ഞങ്ങൾ പറഞ്ഞ കുറേയധികം കാര്യങ്ങൾ ഉൾക്കൊണ്ടു. അത് ഞാൻ സ്വാഗതം ചെയ്യുകയാണ്. സെലക്ട് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി യോഗം അവസാനിപ്പിച്ച സമയം, ചർച്ച നടത്തി പിരിഞ്ഞപ്പോൾ ഉൾക്കൊള്ളാൻ അങ്ങ് തയ്യാറാകാതിരുന്ന ചില കാര്യങ്ങൾ ഈ ബിൽ അടിച്ചു വന്നപ്പോൾ ഉൾക്കൊണ്ടുകണ്ടതിൽ എനിക്ക് സന്തോഷമുണ്ട്. അങ്ങ് അന്ന് ആ സെലക്ട് കമ്മിറ്റി യോഗത്തിൽ വളരെ വിശദമായി വിമർശിക്കുകയും ശക്തമായി ആവശ്യപ്പെടുകയും ചെയ്ത ഒരു കാര്യമാണ് ഇവിടെ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഇലക്ഷൻ കമ്മിഷൻ.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, നിലവിലുള്ള നിയമത്തിൽ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി രണ്ടുവർഷമെന്നുള്ളത് ഒരു വർഷമായി കുറയ്ക്കുകയല്ലേ സെലക്ട് കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ ചെയ്തത്? അപ്പോൾ അധി

LIBRARY ARCHIVES Kerala Legislative Assembly

കാരം നേരത്തേ ഉണ്ടായിരുന്നതുപോലും, കഴിഞ്ഞ ഗവണ്മെന്റ് കൊണ്ടുവന്ന നിയമത്തിൽ നേർപകുതിയായി. പിന്നെ ശ്രീ. ഇ.എം. അഗസ്തി പറയുന്നതു പോലെ പറയുന്നതിൽ അർത്ഥമുണ്ടോ?

ശ്രീ. ജോണി നെല്ലൂർ : സർ, കഴിഞ്ഞ ഗവണ്മെന്റ് ചെയ്താലും ഈ ഗവണ്മെന്റ് ചെയ്താലും ജനാധിപത്യ വിരുദ്ധമായ ഇതുപോലെയുള്ള കാര്യങ്ങളെ എതിർക്കുന്ന ആളാണ് ഞാൻ. എതിർക്കുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. അങ്ങും അതിന്റെ ഫോറത്തിൽ എതിർത്തിട്ടുണ്ട്. കമ്മിറ്റി യോഗത്തിൽ ഇലക്ഷൻ കമ്മിഷന്റെ കാര്യം ഞാൻ വളരെ ശക്തമായി പറഞ്ഞ താണ്. ഇലക്ഷൻ കമ്മിഷൻ ആരായിരിക്കണം; എന്തായിരിക്കണം കാളിഫി ക്കേഷൻ; ടേം എത്രയായിരിക്കണം എന്നുള്ളത് ആദ്യം തന്നെ പറയണമെന്ന് പറഞ്ഞു. അത് റൂൾസിൽ മതിയെന്ന് ബഹുമാന്യനായ മന്ത്രി ആലോചിച്ചു പറഞ്ഞു. ലാ ഡിപ്പാർട്ടുമെന്റും പറഞ്ഞു. എനിക്ക് പരിമിതമായ നിയമപരി ജ്ഞാനമേയുള്ളൂ. ആ പരിമിതമായ നിയമപരിജ്ഞാനം വച്ച് ഞാൻ പറഞ്ഞു. ഇതിൽ പ്രധാനപ്പെട്ട ഒരു കാര്യം ആദ്യംതന്നെ പറയണമെന്ന്. അങ്ങ് നിശിത മായി അതിനെ എതിർത്തു. അതുകൊണ്ടാണ് ആ പോയിന്റിൽ എനിക്ക് വിയോജനക്കുറിപ്പ് എഴുതേണ്ടിവന്നത്. അതിനുശേഷം ബിൽ അടിച്ചു വന്ന പ്പോൾ സെലക്ട് കമ്മിറ്റിയോഗം പിരിഞ്ഞതിനുശേഷം, രണ്ടാമതൊരു കൂടി യാലോചനയ്ക്കുശേഷം, ഒരു റീതിംഗിങ്ങിനുശേഷം മന്ത്രി ചില വ്യവസ്ഥകൾ വച്ചിരിക്കുന്നു. ഒരു ഗവണ്മെന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരാളെ 5 വർഷത്തേയ്ക്ക് നിയമിക്കുമെന്നെങ്കിലും പറയാൻ തയ്യാറായതിൽ സന്തോഷ മുണ്ട്. മാറ്റങ്ങൾ ഉൾക്കൊള്ളാൻ അങ്ങേയ്ക്ക് ആഗ്രഹമുണ്ട്, പക്ഷേ അങ്ങയെ ആരോ പിന്തിരിപ്പിക്കുന്നു എന്നു പറയുന്നതിൽ എനിക്കൊരു മടിയുമില്ല. ആരോ അങ്ങയെ പിന്തിരിപ്പിക്കുന്നു. എക്സാമിനേഷൻ ബോർഡ് നല്ലൊരാശ യമാണ്.

VII. ക്രമപ്രശ്നം

സെലക്ട് കമ്മിറ്റിയിൽ തീരുമാനമെടുത്തതിന് വ്യത്യസ്തമായി ബില്ലിൽ ഭേദഗതി വരുത്തിയത് സംബന്ധിച്ച്

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ ഒരു ക്രമപ്രശ്നം ഉന്നയിക്കുക യാണ്. ഇവിടെ ശ്രീ. ജോണി നെല്ലൂർ സെലക്ട് കമ്മിറ്റി മെമ്പറാണ്. അദ്ദേഹം പറഞ്ഞ ഒരു പോയിന്റ് ശരിയാണെങ്കിൽ, വളരെ ഗുരുതരമായ ഒരു വീഴ്ചവരു ത്തിയിരിക്കുകയാണ്. സെലക്ട് കമ്മിറ്റി കൂടി ചർച്ച ചെയ്ത് ഒരു തീരുമാനമെ ടുത്തു. ആ തീരുമാനമായിരിക്കണം ബില്ലിൽ വരേണ്ടത്. അതിൽ നിന്നും വ്യത്യസ്തമായ എന്തെങ്കിലും ഭേദഗതി നിർദ്ദേശിക്കാനുള്ള അവകാശമുള്ളത് സഭയ്ക്ക് മാത്രമാണ്. മന്ത്രിക്ക് ഔദ്യോഗികമായി ഇവിടെ ഭേദഗതി കൊണ്ടുവ രാം, ഒരു കുഴപ്പവുമില്ല. ഇവിടെ ശ്രീ. ജോണി നെല്ലൂർ പറഞ്ഞത് ശരിയാണോ എന്നെനിക്കറിയില്ല. പറഞ്ഞത് ശരിയാണെങ്കിൽ നിയമസഭയോട് ഏറ്റവും കടുത്ത അവഹേളനം കാണിച്ച് ഒരു ബിൽ ചർച്ച ചെയ്യുകയാണ്. ഇതൊരി ക്കലും പാടില്ല. ഇലക്ഷൻ കമ്മിഷന്റെ കാലപരിധി നിശ്ചയിക്കണമെന്ന് സെലക്ട് കമ്മിറ്റിയിൽ പറഞ്ഞു. അത് അംഗീകരിക്കാതെ വന്നതുകൊണ്ട് സെലക്ട് കമ്മിറ്റി മെമ്പേഴ്സ് ഡിസന്റിംഗ് നോട്ടെഴുതി. അതുകഴിഞ്ഞ് ബിൽ സർക്കുലേറ്റ് ചെയ്തപ്പോൾ മന്ത്രി ഭേദഗതി കൊണ്ടുവന്നിരിക്കുന്നു. അത് ശരി യല്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

20.12.1999

REPORT OF THE SELECT COMMITTEE
ON
THE KERALA CO-OPERATIVE SOCIETIES (AMENDMENT)
BILL 1999
AND
THE BILL AS REPORTED BY THE SELECT COMMITTEE

LIBRARY ARCHIVES Kerala Legislative Assembly

CONTENTS

		Page
(i)	Composition of the Committee	v
(ii)	Report of the Select Committee	1
(iii)	Minutes of Dissent	9
(iv)	The Bill as reported by the Select Committee	12

LIBRARY ARCHIVES Kerala Legislative Assembly

SELECT COMMITTEE ON THE KERALA CO-OPERATIVE SOCIETIES (AMENDMENT) BILL 1999

Composition of the Committee

1.	Shri. S.Sarma, (Minister for Electricity and Co-operation)		Chairman
2.	Shri. P.K Abdu Rabb	M.L.A	Member
3.	Shri.Anathalavattom Anandan	"	"
4.	Shri.N.Anirudhan	"	"
5.	Shri. George J Mathew	"	"
6.	Shri.M.V Govindan Master	"	"
7.	Shri.T.K Hamza	Government Chief Whip	"
8.	Shri.T.S John	M.L.A	"
9.	Shri.Johny Nelloor	M.L.A	"
10.	Shri.A.Kanaran	"	"
11.	Shri. K.T Kunhammed	"	"
12.	Shri.K.P.A Majeed	"	"
13.	Smt. J Mercykutty Amma	"	"
14.	Shri. K. Mohammedali	"	"
15.	Shri.K. Narayana Kurup	"	"
16.	Shri.V.J Poulose	"	"
17.	Shri.K.Prakash Babu	"	"
18.	Shri.P.Raju	"	"
19.	Shri.Palode Ravi	"	"
20.	Shri. G. Sudhakaran	"	"
21.	Shri. K.Sudhakaran	"	"
22.	Shri.P.P.Sulaiman Rawther	"	"
23.	Prof. A.V Thamarakashan	"	"
24.	Shri B.Vijayakumar	"	"

Legislative Secretariat

1.Shri K. Gopalakrishnan Unnithan, Secretary (in-charge)

2. Smt. A Vasantha, Joint Secretary,

3. Smt. K.Retnakumari, Deputy Secretary

4. Shri P.J Thampi, Under Secretary

LIBRARY ARCHIVES Kerala Legislative Assembly

THE KERALA CO-OPERATIVE SOCIETIES (AMENDMENT) BILL 1999
(Report of the Select Committe)

The Select Committee to which the Kerala Co-operative Societies(Amendment) Bill, 1999 was referred, have considered the bill clause by clause and now submit this, their report with the bill as reported by the Committee annexed thereto.

2. The Bill was published as a Gazatte Extraordinary dated January 30,1999. The Bill was introduced in the Assembly on February 26 , 1999 and the motion for reference of the Bill to Select Committee was adopted on the same day and the Bill was referred to Select Committee.

